IX ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

കേരവൃക്ഷങ്ങൾക്ക് പിടിപെട്ട മണ്ഡരിബാധമൂലം സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ശ്രീ. പി.പി. തങ്കച്ചൻ: സർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

"സംസ്ഥാനത്താകമാനം കേരവൃക്ഷങ്ങൾക്ക് പിടിപെട്ട മണ്ഡരി ബാധ യെത്തുടർന്ന് നാളികേരോല്പാദനത്തിൽ ഉണ്ടായിട്ടുള്ള കുറവുമൂലം കേര കർഷകർ നേരിടുന്ന വമ്പിച്ച നഷ്ടത്തെയും, ചകിരിയുടെ ദൗർലഭ്യംമൂലം കയർ ഉല്പാദനത്തിൽ വന്നിട്ടുള്ള മാന്ദ്യത്തെയും, കയർ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന തൊഴിലില്ലായ്മയെയും, കള്ളിന്റെ കുറവുമൂലം കള്ളു വ്യവസായരംഗം നേരിടുന്ന പ്രതിസന്ധിയേയുംപറ്റി ഈ സഭ ചർച്ച ചെയ്യണം."

മി.സ്പീക്കർ : ഉപക്ഷേപം അവതരിപ്പിച്ചിരിക്കുന്നു. ഒരു മണിക്കൂ റാണ് ഉപക്ഷേപത്തിലുള്ള ചർച്ചയ്ക്കായി നിശ്ചയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുകയും സമയനിഷ്ഠ പാലിക്കു കയും വേണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി.പി. തങ്കച്ചൻ : സർ, ഈ പ്രശ്നം ഒരു ഉപക്ഷേപം വഴി ഇവിടെ അവതരിപ്പിക്കുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമെന്നുള്ള നിലയിൽ ഈ കാര്യത്തിൽ ഈ സഭയുടെ താൽപ്പര്യം കൂടികണക്കിലെടുക്കാനും അടിയന്തിര നടപടികൾ ഈ കാര്യ ത്തിൽ ഉണ്ടാക്കാനും പ്രശ്നത്തിന് അടിയന്തിര പരിഹാരം കണ്ടെത്താനും വേണ്ടിയാണ്. സർ, മണ്ഡരി ഒരു സൂക്ഷ്മജീവിയാണ്. ഇത് നാളികേരത്തിന്റെ പുറത്ത് മൃദുഭാഗങ്ങളിൽ പറ്റിപ്പിടിച്ചിരുന്ന് നീർ ഊറ്റിക്കുടിച്ച് ഭയാനകമായ രീതിയിൽ പെറ്റുപെരുകുകയും കാറ്റിൽക്കൂടി പടർന്നുപിടിക്കുകയും ചെയ്യു ന്നു. ചെറിയ മച്ചിങ്ങ മുതൽ പ്രായമാകാത്ത നാളികേരം വരെ മൊത്തമായും ചില്ലറയായും പൊഴിച്ചുകളയുകയും പൊഴിയാതെ നിൽക്കുന്നവയെ വികൃത മാക്കുകയും ഉള്ളിലെ കാമ്പിന് കനമില്ലാതാക്കുകയും ചെയ്യുകയാണ് മണ്ഡരി ചെയ്യുന്നത്. മണ്ഡരിബാധയുള്ള തോട്ടങ്ങളിലെ വിളവ് ഏകദേശം മൂന്നി ലൊന്ന് കുറയുമെന്നാണ് കണക്കായിട്ടുള്ളത്. മണ്ഡരി ബാധയുള്ള തെങ്ങിൽനിന്ന് കിട്ടുന്ന കൊപ്രയുടെ തൂക്കവും കുറയും. സാധാരണനില യിൽ 100 തേങ്ങയിൽനിന്ന് 12 കിലോ മുതൽ 14 കിലോ വരെ കൊപ്ര കിട്ടി ക്കൊണ്ടിരുന്ന സ്ഥാനത്ത് മണ്ഡരി രോഗബാധ വന്നതിനുശേഷം ഇപ്പോൾ അതിന്റെ മൂന്നിലൊന്ന് കുറഞ്ഞ് എട്ടു മുതൽ 12 കിലോ വരെ മാത്രമേ കിട്ടു ന്നുള്ളൂ. കേരളത്തിൽ 11 ലക്ഷം ഹെക്ടറിൽ തെങ്ങുകൃഷി ഉണ്ടെന്നാണ് നമ്മുടെ സാമ്പത്തിക സർവേയിൽ പറയുന്നത്. ഒരു ഹെക്ടറിൽ ശരാശരി 175 തെങ്ങ് എന്ന് കണക്കാക്കിയാൽ 20 കോടിയോളം തെങ്ങ് നമ്മുടെ സംസ്ഥാ നത്ത് ഉണ്ടെന്നാണ് കണക്ക്. ഇപ്പോൾ 40% തെങ്ങുകൾക്ക് മൈൽഡ് അറ്റാക്ക്, സിവിയർ അറ്റാക്ക് എന്ന നിലയ്ക്ക് മണ്ഡരി ബാധിച്ചിട്ടുണ്ടെന്നാണ് കോക്ക നട്ട് ഡെവലപ്മെന്റ് ബോർഡിന്റെ ഒരു ഏകദേശ സർവ്വേ റിപ്പോർട്ടിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. മുഖ്യമന്ത്രി എം.പി മാരുടെ കോൺഫ

LIBRARY ARCHIVES Kerala Legislative Assembly

റൻസിൽ കൊടുത്ത നോട്ടിൽ പറയുന്നത് ഇപ്പോൾ കേരളത്തിൽ അഞ്ചു കോടി തെങ്ങുകൾക്ക് ഇതിനോടകം മണ്ഡരി ബാധിച്ചിട്ടുണ്ട് എന്നാണ്. എല്ലാ ജില്ലകളിലും ഇത് ബാധിച്ചിട്ടുണ്ട്. ഏറ്റവും രൂക്ഷമായി ബാധിച്ചിട്ടുള്ളത് എറണാകുളം, തൃശ്ശൂർ ജില്ലകളിലാണ്. വയനാട്, കോഴിക്കോട്, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ മറ്റ് ജില്ലകളെ അപേക്ഷിച്ച് നോക്കുമ്പോൾ താരതമ്യേന കുറവെന്നു മാത്രമേയുള്ളൂ. പക്ഷെ മറ്റ് ജില്ലകളിലും ഇത് സാരമായി ബാധിച്ചിട്ടുണ്ട്. കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് ഇതുസംബന്ധിച്ച് ചില സർവ്വേകൾ നടത്തിയിട്ടുണ്ട്. മൊത്തം മൂന്നിലൊന്ന് വിളവ് നഷ്ടം വന്നിട്ടുണ്ടെന്നാണ് സർവ്വേയിൽ കാണാൻ കഴിയുന്നത്. 1997-98 വർഷത്തിൽ 600 കോടി നാളികേരമാണ് ഇൻഡ്യയിൽ ആകെ ഉല്പാദിപ്പിച്ചിട്ടുള്ളത്. അതിൽ 41% കേരളത്തിൽ ആണെന്നാണ് കണക്ക്. 600 കോടിയുടെ 41% എന്നുപറയുന്നത് 240 കോടി തേങ്ങ. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഉല്പാദിപ്പിച്ച 240 കോടി തേങ്ങയിൽ മണ്ഡരിബാധയെ തുടർന്ന് മൂന്നിലൊന്ന് വിളവ് നഷ്ടമെന്നു പറഞ്ഞാൽ ഏകദേശം 80 കോടി തേങ്ങയുടെ നഷ്ടം പ്രതിവർഷം മണ്ഡരി ബാധയെ തുടർന്ന് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുന്നു എന്നാണ് കണക്കാക്കുന്നത്. ശരാശരി അഞ്ചു രൂപവച്ച് കണക്കാക്കിയാൽ പോലും 400-500 കോടി രൂപ ഒറ്റകാര്യത്തിൽ സംസ്ഥാനത്തിന് നഷ്ടമാകുന്നുണ്ട്. ആദ്യം മണ്ഡരി ബാധ കണ്ടത് 1997 അവസാനം എന്റെ ജില്ലയായ എറണാകുളത്ത് ഉദയംപേരൂർ, മുളന്തുരുത്തി, ആമ്പല്ലൂർ, വൈറ്റില പ്രദേശങ്ങളിലാണ്. ഏതാണ്ട് ഒന്നരവർഷങ്ങൾക്കു മുൻപാണ് ഇത് കണ്ടത്. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥന്മാരും കാർഷിക സർവ്വകലാശാലയിലെ ഉദ്യോഗസ്ഥന്മാരും സ്ഥലം പരിശോധിച്ചപ്പോൾ മണ്ഡരി ബാധയാണെന്ന് ബോദ്ധ്യപ്പെടുകയും സ്ഥിരീകരിച്ച റിപ്പോർട്ട് വരികയും ചെയ്തിട്ടുണ്ട്. അന്ന് ആ രോഗം പടർന്നുപിടിക്കാതിരിക്കാൻവേണ്ടി ഫലപ്രദമായ പ്രതിരോധ നടപടികൾ കൈക്കൊണ്ടിരുന്നുവെങ്കിൽ ഇന്ന് നമ്മുടെ സംസ്ഥനത്ത് ഈ ദുരന്തം ഉണ്ടാകുകയില്ലായിരുന്നു. ഒന്നര വർഷത്തിനുമുൻപ് മണ്ഡരിബാധയാണെന്ന് തെളിഞ്ഞിട്ടും എന്തുകൊണ്ട് ഈ അസുഖം ഉണ്ടായി; ഇതിന്റെ പ്രത്യാഘാതങ്ങൾ എന്താണ്; എന്തുമാത്രം തെങ്ങുകൾക്ക് ഇതനുസരിച്ച് കേടുപാടുകൾ ഉണ്ടായിട്ടുണ്ട്; എന്തുമാത്രം വിളവുനഷ്ടം ഉണ്ടായിട്ടുണ്ട്; ഇത് പടർന്നുപിടിക്കാതിരിക്കാൻ എന്താണ് ചെയ്യേണ്ടത്; എന്നുള്ളതിനെ സംബന്ധിച്ച് ഒന്നര വർഷക്കാലമായി നമ്മുടെ ഡിപ്പാർട്ടുമെന്റോ ഗവൺമെന്റോ ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ല എന്ന് ഈ സന്ദർഭത്തിൽ വളരെ ദുഃഖത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഫലപ്രദമായി നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഒന്നരവർഷങ്ങൾക്കു മുൻപ് തന്നെ ഇത് ഫലപ്രദമായി തടയാമായിരുന്നു. കാറ്റിൽക്കൂടിയാണ് ഇത് പടരുന്നത്. ഇത് ഫലപ്രദമായി തടയാൻ കഴിഞ്ഞില്ല എന്നുള്ളതുകൊണ്ടാണ് കഴിഞ്ഞ ഒന്നര വർഷക്കാലം കൊണ്ട് ഗുരുതരമായ അവസ്ഥാവിശേഷത്തിലേയ്ക്കു നമ്മൾ എത്തിപ്പെട്ടിരിക്കുന്നത്. 1997 അവസാനം മണ്ഡരിബാധ വന്നതിനുശേഷം ഈ കാര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റിന്റെ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് സംസ്ഥാന സർക്കാരിനെ ഈ കാര്യത്തിൽ സഹായിക്കാനായി മുന്നോട്ടുവരികയുണ്ടായി. 1998 മാർച്ച് മാസത്തിൽ 96 ലക്ഷം രൂപയുടെ ഒരു ചെക്ക് അവർ തിരുവനന്തപുരത്ത് കൊണ്ടുവന്ന് എ.പി.സി.യെ ഏൽപ്പിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിൽ നിന്ന് പൈസ കിട്ടിയെങ്കിൽപ്പോലും എന്ത് പ്രതിരോധ നടപടികളാണ് എടുക്കേണ്ടത് എന്നതിനെ സംബന്ധിച്ച് ഈയടുത്ത കാലം വരെ തീരുമാനമെടുക്കാൻ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

കഴിയാതെ പോയി. ഒരു സ്കീം പോലും തയാറാക്കി കേന്ദ്ര ഗവൺമെന്റിന് കൊടുക്കാനോ അല്ലെങ്കിൽ കേന്ദ്ര നാളികേര വികസനബോർഡിനോ മറ്റ് ഏജൻസികൾക്കോ കൊടുക്കാനോ നമ്മുടെ ഡിപ്പാർട്ട്മെന്റിന് കഴിഞ്ഞില്ല എന്നുള്ളത് അത്യന്തം ദുഃഖകരമായ ഒരു കാര്യമാണ്. പ്രതിരോധ നടപടികൾ തക്ക സമയത്ത് കൈക്കൊള്ളാൻ കഴിയാത്തതിനെത്തുടർന്ന് സംസ്ഥാനത്തെമ്പാടും മാരകമായ മണ്ഡരി ബാധിച്ചിരിക്കുന്നു എന്നുള്ളതാണ് ഇന്നത്തെ അവസ്ഥ. രൂപയുടെ കുറവല്ല, നമ്മുടെ കഴിവുകേടാണ് യഥാർത്ഥത്തിൽ നമ്മെ ഈ സ്ഥിതിയിലേയ്ക്ക് കൊണ്ടുചെന്ന് എത്തിച്ചിട്ടുള്ളത്. ഇപ്പോഴും എന്തുചെയ്യണമെന്നുള്ള കാര്യത്തിൽ തർക്കം നിലനിൽക്കുന്നു. ഡൈക്കോഫോൾ എന്നൊരു കീടനാശിനി തളിക്കലാണ് സംസ്ഥാന ഗവൺമെന്റ് പരിഹാരമാർഗ്ഗമായി നിർദ്ദേശിച്ചിട്ടുള്ളത്. കൃഷിക്കാർക്ക് ഡൈക്കോഫോൾ എന്ന രാസ കീടനാശിനി തളിക്കുന്നതിനെ സംബന്ധിച്ച് വളരെയേറെ ആശങ്കകളുണ്ട്. ഈ കാര്യങ്ങളെക്കുറിച്ച് ആധികാരികമായി പറയാൻ കഴിവുള്ളവർ പത്രങ്ങളിലൂടെയും മറ്റ് മാധ്യമങ്ങളിലൂടെയും ഡൈക്കോഫോൾ തളിക്കുന്നത് ശരിയല്ല, അത് മാരകമായ പ്രത്യാഘാതങ്ങൾ ക്ഷണിച്ചുവരുത്തും, വികസിത രാജ്യങ്ങളിലെല്ലാം ഇത് നിരോധിച്ചിരിക്കുകയാണ് എന്നൊക്കെ പ്രസ്താവിച്ചിട്ടുണ്ട്. അവരുടെ പ്രസ്താവന വന്നതിനു ശേഷം നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ വളരെ ആശങ്കയിലാണ്. ഡൈക്കോഫോൾ അടിച്ചാൽ രണ്ടു വർഷക്കാലം അതിന്റെ റെസിഡ്യൂ നിൽക്കുമെന്നും അത് വളരെയേറെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും അന്തരീക്ഷത്തിൽ മാത്രമല്ല മണ്ണിലും ജലത്തിലും ഒക്കെ അതിന്റെ റെസിഡ്യൂ ഉണ്ടാകുമെന്നും അത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും മാരകമായ രോഗങ്ങൾ വിളിച്ചുവരുത്തുകയും ചെയ്യുമെന്നുമാണ് ശാസ്ത്രജ്ഞൻമാരിൽനിന്നും മറ്റ് ആധികാരിക രേഖകളിൽനിന്നുമൊക്കെ മനസ്സിലാക്കാൻ കഴിയുന്നത്. ഈ അടുത്ത കാലത്ത് 15.12.1999-ൽ ഡെൽഹിയിൽ വച്ച് ഇൻഡ്യയിൽ അറിയപ്പെടുന്ന ശാസ്ത്രജ്ഞൻമാരുടെ ഒരു ഉന്നതതല സമ്മേളനത്തിൽ ഈ കാര്യങ്ങൾ ചർച്ച ചെയ്തു. ആ യോഗത്തിൽ, എന്റെ അറിവ് അനുസരിച്ച് ഈ അഭിപ്രായമാണ് പൊന്തിവന്നത്. അതാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ കാർഷിക സർവ്വകലാശാലയിലെ ഡോ. മോഹൻ കുമാർ ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചർ റിസർച്ചിലെ ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു. കോക്കനട്ട് ബോർഡിന്റെ ഹോർട്ടിക്കൾച്ചർ ഡയറക്ടർ ആ യോഗത്തിൽ പങ്കെടുത്തിരുന്നു. സി.പി.സി.ആർ.ഐ യുടെ പ്രശസ്ത ശാസ്ത്രജ്ഞന്മാരെല്ലാം ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ആ യോഗത്തിലെ ചർച്ചകൾക്കു ശേഷം അവർ എത്തിച്ചേർന്നിട്ടുള്ള ഒരു കോൺസൻസ്സ് ഈ ഡൈക്കോഫോൾ ഒരു നിലയിലും സ്വീകര്യമില്ല, അത് അടിക്കരുത്. പ്രത്യാഘാതങ്ങൾ ഉണ്ടാകും, അതുകൊണ്ട് മറ്റു മാർഗ്ഗങ്ങളെക്കുറിച്ച് ആരായണം എന്നതാണ് ഞാൻ മനസ്സിലാക്കുന്നത്. അവർ എടുത്ത തീരുമാനത്തിൽനിന്നും അറിയാൻ കഴിഞ്ഞത് ജൈവ കീടനാശിനിയാണ് ഏറ്റവും നല്ലത് എന്നാണ്. വേപ്പെണ്ണയും വെളുത്തുള്ളിയും ചേർന്നിട്ടുള്ള ലായനി. അതിന് കഴിഞ്ഞ ദിവസം ഇവിടെ കർഷകപ്രതിനിധികൾ മന്ത്രിയെ സന്ദർശിച്ചപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വേപ്പെണ്ണയും വെളുത്തുള്ളിയും ആർ കൊണ്ടുവരും എന്നുള്ള ഒരു ചോദ്യമാണ് അദ്ദേഹം ചോദിച്ചത്. ഞാൻ പറയുന്നു, ഇത് ഗവണ്മെന്റിന്റെ ചുമതലയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നമുക്കിന്നുണ്ട്. വേപ്പെണ്ണയും വെളുത്തുള്ളിയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരണം. കൊണ്ടുവരാൻ കഴിയും. കർണ്ണാടക, തമിഴ്നാട്, ആന്ധ്രാ

LIBRARY ARCHIVES Kerala Legislative Assembly

മുതലായ സംസ്ഥാനങ്ങളിൽ ഇഷ്ടം പോലെ വേപ്പുണ്ട്. വെളുത്തുള്ളി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരാൻ കഴിയും. അവിടെ കുറെ ഷോർട്ടേജുണ്ട്. അവിടെ ഷോർട്ടേജുള്ളപ്പോൾ ഇൻഡ്യയിൽ വെളുത്തുള്ളി കൊണ്ടുവരുന്നത് ചൈനയിൽ നിന്നാണ്. വിദേശത്തുംനിന്നും വേണ്ടി വന്നാൽ വെളുത്തുള്ളി ഇറക്കുമതി ചെയ്ത് ജൈവകീടനാശിനി ഉണ്ടാക്കേണ്ടതാണ്. കേരള സർക്കാർ ഞാൻ മുമ്പ് സൂചിപ്പിച്ച അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ വിദഗ്ദ്ധന്മാർ, ശാസ്ത്ര ഏജൻസികൾ, അവരെ എല്ലാപേരെയും വിളിച്ചുകൂട്ടാൻ സന്മനസ്സ് കാണിച്ചില്ല. ഇതിനെക്കുറിച്ച് കൃത്യമായി സർവ്വേ നടത്താൻ നമ്മുടെ ഗവണ്മെന്റിനോ ഡിപ്പാർട്ടുമെന്റിനോ കഴിഞ്ഞിട്ടില്ല. കേരളത്തിൽ കേന്ദ്ര ഗവണ്മെന്റിന്റെ സഹായം വരുന്നത് കേന്ദ്ര നാളികേര വികസന ബോർഡിൽ നിന്നാണ്. ആ ബോർഡിലെ അധികാരികളെ പോലും ഒന്ന് വിളിച്ച് സംസാരിക്കാനുള്ള സന്മനസ് നമ്മുടെ ഗവണ്മെന്റ് ഇതേവരെ കാണിച്ചിട്ടില്ല. ഇപ്പോൾ തന്നെ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം; 8 കോടി രൂപ വേണമെങ്കിൽ ഗവണ്മെന്റ് വിചാരിച്ചാൽ ആ ബോർഡിൽ നിന്നും നമുക്ക് ലഭ്യമാക്കാൻ സാധിക്കും. ഗവൺമെന്റ് സൻമനസ്സ് വിചാരിച്ചാൽ മറ്റു ചില ആവശ്യങ്ങൾക്കുവേണ്ടി അനുവദിച്ചിട്ടുള്ള സംഖ്യയിൽ 8 കോടി രൂപ ചെലവാക്കാതെ കിടപ്പുണ്ട്. ഒന്ന് ചോദിക്കാൻ സൻമനസ് കാണിച്ചാൽ തരാൻ അവർ തയ്യാറായിരിക്കും. പക്ഷേ ഗവണ്മെന്റ് അവരെ വിളിക്കാനോ ചോദിക്കാനോ തയ്യാറല്ല. 96 ലക്ഷം രൂപ ഒരു വർഷത്തിനുമുമ്പ് ബോർഡ് തന്നത് എങ്ങനെ ചെലവഴിച്ചു എന്നുള്ള കണക്കുകൾ പോലും ബോർഡിനെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പോലും ഈ മാസം 10-ാം തീയതിയാണ് കൊടുത്തിട്ടുള്ളത്. അതിൽനിന്നു തന്നെ ഈ സംഖ്യ യഥാസമയത്ത് ചെലവഴിച്ചിരുന്നില്ല എന്ന് നമുക്ക് കാണാൻ കഴിയും. ശ്രീലങ്കയിൽ എന്റെ അറിവനുസരിച്ച് മണ്ഡരി പ്രതിരോധ നടപടിയെന്നു പറയുന്നത് ഡൈക്കോഫോൾ അല്ല. അത് ബുദ്ധിമുട്ടുണ്ടാകും എന്ന് കണ്ടതുകൊണ്ട് അവിടെ vetable sulpher spray എന്നു പറയുന്ന ഒരു സമ്പ്രദായമാണ് ചർച്ചകൾക്കുശേഷം സ്വീകരിച്ചിട്ടുള്ളത്. ആ കാര്യത്തെക്കുറിച്ച് നാം പരിശോധിക്കണം. പരിസരമലിനീകരണം ഇതുകൊണ്ട് ഉണ്ടാകുന്നില്ല. ഈ കാര്യങ്ങൾ ഗവണ്മെന്റ് അന്വേഷിച്ച് ജൈവ കീടനാശിനിപോലെ തന്നെ സൾഫർ സ്പ്രയുടെ സാദ്ധ്യതകളെക്കുറിച്ച് ആരായണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മണ്ഡരിബാധ തേങ്ങയുടെ കാര്യത്തിൽ മാത്രമല്ല, ചകിരി, കള്ള്, വ്യവസായമേഖലകളെയും പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 4 ലക്ഷം തൊഴിലാളികൾ കയർ വ്യവസായ രംഗത്തുണ്ട്. ചകിരിയുടെ ഷോർട്ടേജ് 30 ശതമാനം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള സൗകര്യങ്ങൾപോലും മതിയാവാത്ത സ്ഥാനത്ത് ഈ 30 ശതമാനം തേങ്ങയുടെ നഷ്ടംകൂടി വന്നതോടെ തൊഴിലാളികൾ വളരെ ഗുരുതരമായ പ്രതിസന്ധിയെ നേരിടുന്നു. കാറ്റുവീഴ്ച തടയാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കൂനിൻമേൽ കുരു എന്നു പറഞ്ഞതുപോലെ, കേരളത്തിലെ സാമ്പത്തിക ഘടനയേയും കൃഷിക്കാരേയും ഇത് പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. കേരളത്തിന്റെ പല സ്ഥാനങ്ങളും നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. തേങ്ങയുടെ കാര്യത്തിൽ 1-ാം സ്ഥാനം നമുക്കുണ്ടായിരുന്നത് നഷ്ടപ്പെട്ടിരിക്കുകയാണ്. 3-ാം സ്ഥാനത്ത് എത്തിച്ചേർന്നിരിക്കുന്നു. ഈ നില തുടർന്നാൽ കുറെക്കാലം കഴിയുമ്പോൾ നമ്മൾ എവിടെ എത്തിച്ചേരും എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ പോയാൽ കൃഷിക്കാർ തെങ്ങു കൃഷിയിൽനിന്നും മാറേണ്ടി വരും. തൃശൂരിലെ തേക്കില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

തേക്കിൻകാട് മൈതാനം പോലെ, കോഴിക്കോട്ടെ മുതലയില്ലാത്ത മുതലക്കുളം പോലെ, കേരമില്ലാത്ത ഒരു കേരളത്തിൽ നാം ജീവിക്കേണ്ടി വരും ഈ നില തുടർന്നാൽ കാര്യങ്ങൾ ഇങ്ങനെയൊക്കെയായിട്ടും സർക്കാർ സത്യം മറച്ചുവച്ചിട്ട് കള്ളപ്രചരണം നടത്തുന്നത് വാസ്തവത്തിൽ ഖേദകരമാണ്. 1999 ഏപ്രിൽ മാസത്തെ പി.ആർ.ഡി. പ്രസിദ്ധീകരണത്തിൽ 330 ലക്ഷം രൂപ ചെലവാക്കി മണ്ഡരിബാധ സംസ്ഥാന ഗവണ്മെന്റ് പൂർണ്ണമായി നിയന്ത്രിച്ചുവെന്ന് എഴുതിപ്പിടിപ്പിച്ചിരിക്കുന്നു. എന്തുകളവും പറയാൻ യാതൊരു മടിയുമില്ലായെന്ന് ഇതിൽ കൂടുതൽ യാതൊരു തെളിവും വേണ്ട. നാലുകാര്യങ്ങൾ ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. ഒന്ന് മണ്ഡരിബാധ എന്തുമാത്രം പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നുള്ളതിനെ സംബന്ധിച്ച് ഒരു സർവേ നടത്തി ആധികാരികമായി റിപ്പോർട്ട് കൊണ്ടുവരേണ്ടതാണ്. രണ്ട്, സർക്കാർ മുൻകൈയെടുത്ത് ഈ രംഗത്ത് കേന്ദ്ര ഗവണ്മെന്റിന്റെയും സംസ്ഥാനഗവണ്മെന്റിന്റെയും ബന്ധപ്പെട്ട ആളുകളെ വിളിച്ചുകൂട്ടി ചർച്ച നടത്തി തീരുമാനങ്ങൾ എടുക്കേണ്ടതാണ്. മൂന്ന് ജൈവ കീടനാശിനി ഉണ്ടാക്കാനും അത് ഉപയോഗിക്കാനും വേണ്ടി സർക്കാർ മുൻകൈ എടുക്കേണ്ടതാണ്. നാല്, അതോടൊപ്പം തന്നെ ഈ കാര്യത്തിൽ കേന്ദ്രസഹായം സാമ്പത്തികമായി 195 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയതിൽ 100 കോടി രൂപ കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാക്കണം. ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ പേരെയും സഹകരിപ്പിച്ച് ഈ സഭയുടെ വികാരം ഒന്നാകെ കണക്കിലെടുത്തുകൊണ്ട് കേന്ദ്ര ഗവണ്മെന്റിന്റെ സഹായം ഈ കാര്യത്തിൽ അടിയന്തിരമായി നേടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ബാലൻ വൈദ്യർ : ഉപക്ഷേപത്തെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട തങ്കച്ചൻ പറഞ്ഞ സ്ഥിതിവിവരക്കണക്കുകളോട് ഞാൻ യോജിക്കുന്നു. മുതലയില്ലാത്ത മുതലക്കുളവും തേക്കില്ലാത്ത തേക്കിൻകാടും എന്ന് ഉപമിച്ചതിനോട് തങ്കമില്ലാത്ത തങ്കച്ചൻ പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. വെള്ളത്തിൽ ചിമിഴിട്ട് വറ്റിക്കുന്നതുപോലെ വളരെ ശാന്തമായി പ്രസംഗിച്ച് കൂട്ടത്തിൽ പദപ്രയോഗങ്ങൾ നടത്തേണ്ടതായിരുന്നോവെന്ന് പരിശോധിക്കണം എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. കേരളത്തിലെ നാളികേര കൃഷിക്കാർ വളരെയധികം ഉത്കണ്ഠയിലാണ്. മണ്ഡരിരോഗം വളരെ മാരകമായ ഒരു രോഗമാണ്. എന്നാൽ ചില പ്രചാരങ്ങളും പ്രസ്താവനകളും യഥാർത്ഥത്തിലുള്ളതിനേക്കാൾ കൃഷിക്കാരെ ഭീതിപ്പെടുത്തുന്നുണ്ട്. ഇതിന് ഫലപ്രദമായ പ്രതിവിധികൾ ഉണ്ടാകേണ്ടതാണ്. എല്ലാ ജില്ലയിലും വ്യാപകമായി നടക്കുന്ന ഒരു കൃഷിയാണ് നാളികേരക്കൃഷി. നാളികേരക്കൃഷിയില്ലാത്ത ഒരു ജില്ലയുമില്ല. കാർഷിക പരിഷ്കരണം നടപ്പിലാക്കിയതിന്റെ ഫലമായി ഭൂമിക്ക് പരിധി നിശ്ചയിച്ചു. നാളികേര തോട്ടത്തെ പരിധിയിൽ ഉൾപ്പെടുത്തിയതിന്റെ ഫലമായി, നാളികേരക്കൃഷിക്കാർ എന്നു പറഞ്ഞാൽ ഇടത്തരം കൃഷിക്കാർ മാത്രമാണ്. പ്രമാണിമാർ എന്നുപറയുന്നത് നാളികേരക്കൃഷിക്കാരുടെ കൂട്ടത്തിൽ ഇല്ല. കുടികിടപ്പുകാരൻ തൊട്ട് ഇടത്തരം കൃഷിക്കാരെ വരെ ബാധിക്കുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ കൃഷിക്കാർ ബന്ധപ്പെടുന്ന ഒരു കൃഷിയാണ് നാളികേരക്കൃഷി. ശ്രീ. തങ്കച്ചൻ പറഞ്ഞ ഉൽപ്പാദനവും കണക്കും, ഞാൻ അതിനോട് യോജിക്കുന്നു. ഈ മേഖല കഴിഞ്ഞ കുറെ കൊല്ലമായി പ്രതിസന്ധിയിലാണ്. മണ്ഡരി ബാധ വരുന്നതിനു മുമ്പുതന്നെ ബഹുമാനപ്പെട്ട തങ്കച്ചൻ ഉൾപ്പെടെ ശ്രദ്ധിക്കേണ്ട കാര്യം, 1991-ൽ ശ്രീ. നരസിംഹറാവു. നടപ്പിലാക്കിയ ഉദാരവൽക്കരണത്തിന്റെ ഫലമായി ഈ കൃഷിക്കാർ ആകെ പ്രതിസന്ധിയിലാണ്. ഇറക്കുമതി നയത്തിന്റെ ഭാഗമായി വെളി

ച്ചെണ്ണയും കൊപ്രയും ഉൾപ്പെടെയുള്ള സാധനങ്ങൾ, വെളിച്ചെണ്ണകൊണ്ട് ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ഇവിടെ ഇറക്കുമതി നടത്താൻ അവസരം കൊടുത്തു. ഇറക്കുമതി നികുതി ഏറ്റവുമധികം കുറച്ചത് ഈ നയത്തിന്റെ ഭാഗമായിക്കൊണ്ടാണ്. കഴിഞ്ഞ കുറെ കൊല്ലമായി 1991-ലെ ഗവണ്മെന്റ് നടപ്പിലാക്കിയതും, ഇപ്പോൾ ഈ കോൺഗ്രസിന്റെ കൂടി പിൻതുണയോടുകൂടി ബി.ജെ.പി. ഗവണ്മെന്റ് അതിനെക്കാൾ ശക്തമാക്കി നടപ്പാക്കികൊണ്ടിരിക്കുന്നതുമായ ഈ സാമ്പത്തികനയം കേരളത്തിലെ എല്ലാ കാർഷിക മേഖലയെയും തകർത്തുകൊണ്ടിരിക്കുന്നു, അത് നാളികേരക്കൃഷിക്കാരെയും തകർക്കുന്നു. ഇതിന്റെ ഭാഗമായി നാളികേരക്കൃഷിക്കാർ കഴിഞ്ഞ ഏഴെട്ടു കൊല്ലമായി വമ്പിച്ച പ്രതിസന്ധിയിലാണ്. ഈ നാളികേര പ്രതിസന്ധിയിൽ എത്തിച്ചത് ശ്രീ. തങ്കച്ചൻ ഓർക്കുന്നുണ്ടോ, ഒരു താങ്ങുവില കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ചു. അന്ന് നമ്മുടെ പ്രതിപക്ഷ നേതാവ് കേന്ദ്രത്തിൽ മന്ത്രിയായിരുന്നു. മാർക്കറ്റിൽ ഉള്ളതിനേക്കാൾ കുറഞ്ഞവിലയ്ക്ക് താങ്ങുവില പ്രഖ്യാപിച്ചു. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല, അദ്ദേഹം ഉൾക്കൊള്ളുന്ന ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ്, പ്രതിപക്ഷനേതാവ് അന്ന് കേന്ദ്ര മന്ത്രിയായിരിക്കുമ്പോൾ ആ സബ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് എടുത്ത താങ്ങുവില പ്രഖ്യാപനമാണ്, ആദ്യമായി 3,600 ഉറുപ്പിക മാർക്കറ്റിൽ കൊപ്രയ്ക്കുള്ളപ്പോഴാണ് 2,150 രൂപ താങ്ങുവില പ്രഖ്യാപിച്ചത്. ഇതിനെത്തുടർന്ന് നാളികേരക്കൃഷിക്കാരൻ രക്ഷപ്പെട്ടിട്ടില്ല, ആ നിലയിൽ തകർക്കപ്പെട്ട നാളികേരക്കൃഷി ഈ രോഗബാധകൂടി വന്നതിന്റെ ഭാഗമായി വമ്പിച്ച പ്രതിസന്ധിയിലേക്കാണ് പോകുന്നത്. ഈ പ്രതിസന്ധിയിൽ നിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവണ്മെന്റ് ഒരു ഗവണ്മെന്റ് ചെയ്യേണ്ട എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലാണ് ആദ്യമായി ഇത് കണ്ടത്, അവിടെ ഫലപ്രദമായ നടപടി എടുത്തിരുന്നു, എങ്കിൽ മാരകമായി ഈ രോഗം വ്യാപിക്കുമായിരുന്നില്ല എന്ന് ശ്രീ. തങ്കച്ചൻ പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളെ കൃഷിവകുപ്പു മന്ത്രി ഉടനെ വിളിച്ചുകൂട്ടിയല്ലോ? 75,000-ത്തോളം തെങ്ങുകൾക്ക് ഉടനെ മരുന്ന് തളിക്കാനുള്ള നടപടി എടുത്തില്ലേ? കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കലും ഇല്ലാത്ത വിധത്തിൽ എല്ലാ ജില്ലകളിലും ജനപ്രതിനിധികളെയും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ടവരെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് മന്ത്രിതന്നെ പങ്കെടുത്ത് കോൺഫറൻസ് നടത്തി. ആറ് ഉറുപ്പിക സംസ്ഥാന ഗവണ്മെന്റ് ഒരു തെങ്ങിന് മരുന്ന് തളിക്കാൻ കൊടുക്കുന്നു, മൂന്ന് ഉറുപ്പിക തദ്ദേശ ഭരണ സ്ഥാപനങ്ങൾ കൊടുക്കണം അങ്ങനെ ഒൻപത് ഉറുപ്പിക കൃഷിക്കാരന് കിട്ടും. ഇത് എല്ലാ സ്ഥലത്തും ഉള്ളതാണ്. എന്റെ ജില്ലയിലും മന്ത്രി വന്ന് കോൺഫറൻസ് വിളിച്ചു, എല്ലാ ആളുകളും അതിൽ പങ്കെടുത്തു.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, അങ്ങ് പറയുന്നതൊക്കെ അംഗീകരിക്കുന്നു. തെങ്ങിൽ കയറി മരുന്നടിക്കാൻ ഒരു തെങ്ങിൽ കയറാൻ 25 രൂപയെങ്കിലും കൂലി കൊടുക്കണം. അതിന് ആളെ കിട്ടാനില്ല എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : 25 രൂപയൊന്നുമില്ല. പതിനായ്യായിരത്തോളം തെങ്ങുകയറ്റത്തൊഴിലാളികളെ ഗവണ്മെന്റ് പ്രത്യേകം പരിശീലിപ്പിച്ച് ഇതിന് മരുന്ന് തളിക്കാൻ ഏൽപ്പിച്ചിട്ടുണ്ട്. സ്ത്രീകളും ഉൾപ്പെടുന്നുണ്ട്. പക്ഷേ ശ്രീ. ജോണി നെല്ലൂർ സൂചിപ്പിച്ചത് യഥാർത്ഥ വസ്തുതയാണ്. തെങ്ങുകയറ്റതൊഴിലാളികൾ വേണ്ടത്ര ഇല്ല. അപ്പോൾ വസ്തുത എന്നുപറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞാൽ, അതിന്റെ കാരണം വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. തെങ്ങ് കയറ്റത്തൊഴികൾക്കു തഴമ്പ് ഉണ്ടാകുന്നു, തഴമ്പ് വരുമെന്ന് ഭയപ്പെട്ട് തെങ്ങിൽ കയറുന്നതിനുവേണ്ടി ചെറുപ്പക്കാർ ആരും തയ്യാറാകുന്നില്ല. അതിന്റെ കാരണം തഴമ്പ് ഉണ്ടായാൽ കല്യാണം കഴിക്കാൻ കഴിയില്ല. എന്നാണ് പറയുന്നത്, പെൺകുട്ടികൾ തഴമ്പുള്ളവരെ ഭർത്താവായി സ്വീകരിക്കാൻ തയ്യാറല്ല. അതിന് സ്ത്രീകളെയും കൂടി പരിശീലിപ്പിക്കണം. ഇത് പരിശീലിച്ച സ്ത്രീകൾക്കും തഴമ്പുണ്ടായാൽ പിന്നെ അന്യോന്യം യോജിച്ച് കല്യാണം കഴിക്കാമല്ലോ. ഇത് ഒരു പ്രധാന തടസ്സമായി നിൽക്കുന്നു എന്നുള്ള വസ്തുത നാം കാണേണ്ടതുണ്ട്. ഞാൻ സൂചിപ്പിക്കുന്നത് ഗവൺമെന്റ് ഈ മേഖലയ്ക്കകെത്ത് ഒരു സംസ്ഥാന ഗവൺമെന്റ് എന്ന നിലയിൽ പരമാവധി ചെയ്തിട്ടുണ്ട്. മരുന്നിനെപ്പറ്റി പറഞ്ഞു, മരുന്ന് വേപ്പെണ്ണ ഉൾപ്പെടെ കിട്ടാനില്ലാത്ത ഒരു സാധനമൊന്നുമല്ല. മാർക്കറ്റിൽ ധാരാളം കിട്ടും, എല്ലാ വൈദ്യശാലയിലും കിട്ടും. ഒരു കുഴപ്പവുമില്ല, ശ്രീ. തങ്കച്ചൻ ഉത്കണ്ഠപ്പെടേണ്ട കാര്യമില്ല. വേപ്പെണ്ണയിൽ മായം ചേർക്കാതിരിക്കുന്നതിനുള്ള നടപടി ഗവണ്മെന്റ് എടുക്കണം. അതുപോലെ കേരളാ സോപ്സ് ആന്റ് ഓയിൽസ് ഇതിനു പറ്റുന്ന ഫലപ്രദമായ ഒരു ഔഷധം കണ്ടെത്തിയിട്ടുണ്ട്. ഗവണ്മെന്റ് വളരെപ്പെട്ടെന്ന് അത് പരിശോധന നടത്തി ഫലപ്രദമാണോ എന്ന് തീരുമാനിച്ച്, ഫലപ്രദമാണെന്ന് കണ്ട് അത് ആവശ്യമുള്ള സ്ഥലത്ത് അവർ തന്നെ മുൻകൈയെടുത്ത് തളിച്ചുകൊടുക്കാനും തയ്യാറായിട്ടുണ്ട്. ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയ്ക്ക് അവർ ഉൽപ്പാദിപ്പിച്ച മരുന്നുകൂടി ഇതിന് ഉപയോഗിക്കാൻ ഗവണ്മെന്റ് തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് ഗവണ്മെന്റ് ഫലപ്രദമായി ചെയ്തില്ല എന്നുപറയുന്നത് ശരിയല്ല. ഒരു സംസ്ഥാന ഗവണ്മെന്റ് എന്ന നിലയിൽ ഒന്നര കൊല്ലത്തിനിടയ്ക്ക് ഏറ്റവും ഫലപ്രദമായി കൃഷിവകുപ്പിനെയും, ഗവണ്മെന്റ് യന്ത്രത്തെയും, മെഷിനറിയെയും ഇതിന് ചലിപ്പിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളെക്കൂടി കൂട്ടിയോജിപ്പിച്ചുകൊണ്ട്, അവരെ വിശ്വാസത്തിൽ എടുത്തുകൊണ്ട് അവരെക്കൂടി ഈ രംഗത്ത് ഇറക്കിക്കൊണ്ട് വാർഡ് തലത്തിൽ കമ്മിറ്റികൾ ഉൾപ്പെടെയുണ്ടാക്കിക്കൊണ്ടാണ് ഈ ഗവണ്മെന്റ് ഫലപ്രദമായ നടപടി എടുത്തത്. പക്ഷേ ഇത് കാണാൻ കഴിയാത്ത ഒരു ജീവിയാണ്, കാറ്റിലാണ് പറക്കുന്നത്. അതുകൊണ്ട് കുറച്ചു ബുദ്ധിമുട്ടുണ്ട്, അതിന് ഗവണ്മെന്റിനെ പറഞ്ഞിട്ട് കാര്യമില്ല. അത് ഈ ജീവിയുടെ പ്രത്യേകതയാണ്. അതും ഗവണ്മെന്റിന്റെ പിടലിക്ക് കിടക്കട്ടെ എന്ന നിലയിൽ കൊണ്ടുപോകുന്നത് ശരിയായില്ല. അതുകൊണ്ട് പ്രതിരോധം എന്ന നിലയിൽ എല്ലാ സ്ഥലത്തും വ്യാപകമായി മരുന്ന് തളിക്കുക. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ഫണ്ട് ഒഴിച്ചിട്ട് ബാക്കി ഏത് ഫണ്ടും ഡൈവർട്ട് ചെയ്ത് ഇതിന് ചെലവാക്കാൻ ഉത്തരവ് കൊടുത്തിരിക്കുകയാണ്. ഈ നിലയിൽ നടപടി എടുത്തു. കോഴിക്കോട് ജില്ലാ പഞ്ചായത്ത് 1,500 സ്പ്രെയർ വാങ്ങികൃഷിക്കാർക്ക് മരുന്ന് തളിക്കാൻ വേണ്ടി കൊടുത്തു. ഇങ്ങനെ എല്ലാ സ്ഥലത്തും തദ്ദേശഭരണ സ്ഥാപനങ്ങൾകൂടി മുൻകൈ എടുത്ത് ജനപങ്കാളിത്തത്തോടെ മരുന്നു തളി പ്രവർത്തനം നടത്തിയാൽ തീർച്ചയായും ഈ രോഗബാധയെ പ്രതിരോധിക്കാൻ കഴിയും. ഗവണ്മെന്റിന്റെ നടപടിയെ ഞാൻ അഭിനന്ദിക്കുന്നു, ഇതിന് മുൻകൈ എടുത്ത മന്ത്രിയെയും അഭിനന്ദിക്കുന്നു. കേന്ദ്രത്തിൽ നിന്ന് 100 കോടിയോ, അതിൽ കൂടുതലോ വേണമെങ്കിൽ നേടിയെടുക്കത്തക്കവിധത്തിൽ നാം ഒറ്റക്കെട്ടായി സമ്മർദ്ദം ചെലുത്തണം എന്നഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീമതി റോസമ്മ ചാക്കോ</u> : സർ, ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളത്തെ ആകപ്പാടെ ബാധിച്ചിരിക്കുന്ന, കേരളത്തിന്റെ സമ്പദ്ഘടനയെ തന്നെ താറുമാറാക്കിയിരിക്കുന്ന വലിയ ഒരു പ്രശ്നത്തെപ്പറ്റി കേരളത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുന്ന എം.എൽ.എ. മാർ നിയമസഭയിൽ ചർച്ചചെയ്യുകയാണ്. ഇതിനകത്ത് രാഷ്ട്രീയം കൊണ്ടുവരാൻ ഞങ്ങൾക്ക് ആഗ്രഹമില്ലെങ്കിൽ പോലും ഗവണ്മെന്റ് ഇതിനെടുത്ത നിലപാടിനെപ്പറ്റി ഞങ്ങൾക്ക് ആശങ്കയുണ്ട്, ആക്ഷേപവുമുണ്ട്. ഈയടുത്ത കാലത്ത് കേന്ദ്ര ശാസ്ത്രജ്ഞന്മാർ ഇവിടെ വരുന്നുണ്ട്. ഒന്നരക്കൊല്ലമായി മണ്ഡരി രോഗബാധ കേരളത്തിലെ ചില ഭാഗങ്ങളിൽ തെങ്ങുകളെ ബാധിച്ചിട്ടുണ്ട്. ഇതിന് ഫലപ്രദമായ പ്രതിരോധ നടപടി സ്വീകരിച്ചില്ലായെങ്കിൽ ഒരു വർഷത്തിനകം കേരളത്തിലെ നാളികേരത്തെ മുഴുവൻ, തെങ്ങുകൃഷിയെ മുഴുവൻ ഇത് ബാധിക്കുമെന്നും , കേരളം വെറും പാപ്പരായി തീരുമെന്നും മുന്നറിയിപ്പു നൽകിയിട്ടുപോലും എന്തുകൊണ്ട് കേന്ദ്രശാസ്ത്രജ്ഞന്മാരെ ഇവിടെ കൊണ്ടുവരാനുള്ള ശ്രമം ഗവണ്മെന്റ് നടത്തിയില്ല. ഇപ്പോഴാ വരുന്നത് എന്നു പറഞ്ഞു. 195 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് നിങ്ങൾ കൊടുത്തല്ലോ? എന്നാ നിങ്ങൾ കൊടുത്തത്, സർ? ഒന്ന് ഒന്നര മാസമേ ആയിട്ടുള്ളൂ ഈ പ്രോജക്ട് റിപ്പോർട്ട് കൊടുത്തിട്ട് ഇതാണ് ഇവിടത്തെ സ്ഥിതി. ഈ പ്രോജക്ട് റിപ്പോർട്ട് കൊടുത്തിട്ടും നമ്മൾ 100 കോടി രൂപയുടെ ഡിമാന്റാണ് വച്ചത്. 195 കോടി രൂപ വേണമെന്ന് പറഞ്ഞു, നമ്മൾ 100 കോടി രൂപ ആവശ്യപ്പെട്ടു, ഈ കേരളത്തിലെ തെങ്ങുകളെ മുഴുവൻ ബാധിച്ചിരിക്കുന്ന ഈ മണ്ഡരിരോഗബാധ തടയാൻ ബാക്കി 95 കോടി എവിടന്ന് ഉണ്ടാക്കും? സപ്ലിമെന്ററി ഡിമാന്റിൽ കുറച്ചു തുക ഉൾപ്പെടുത്തിയതല്ലാതെ ഇതിനുവേണ്ടി കാര്യമായി വല്ലതും ചെയ്തോ? സർ, കേരളത്തെ മുഴുവൻ ബാധിക്കുന്ന ഒരു വലിയ പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ നമ്മുടെ ഗവണ്മെന്റും കൃഷിവകുപ്പുമന്ത്രിയും അലംഭാവം കാണിച്ചു. അത് ഒരു കുറ്റകരമായ അനാസ്ഥയാണ് എന്നുള്ള ആരോപണം ഞാൻ കൃഷിവകുപ്പുമന്ത്രിയുടേയും ഗവൺമെന്റിന്റേയും മുമ്പിൽ വയ്ക്കുകയാണ്. സർ, കേരളം എന്ന പേര് നമുക്ക് എങ്ങനെയാണ് കിട്ടിയത്, കേരത്താൽ ലസിതമായ നാട്, ശ്രീ. പി.പി. തങ്കച്ചൻ പറഞ്ഞതുപോലെ തേക്കിൻ കാട്, തേക്ക് ഇല്ലാത്ത സ്ഥലമായതുപോലെ കേരളത്തിന്റെ അവസ്ഥയിന്ന് മാറുകയാണ്. ഇനി കേരളത്തിൽ തെങ്ങ് വച്ചുപിടിപ്പിക്കേണ്ടിവരുമെന്നുള്ള കാര്യം ഞാൻ പറയുകയാണ്. ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ. നെല്ല് എന്നു പറയുന്നത് ഒരു ഹ്രസ്വകാല വിളയാണ്. നാളികേരം ഒരു ദീർഘകാലവിളയാണ്. അഞ്ചും ആറും വർഷം പരിചരിച്ചുവെങ്കിൽ മാത്രമേ തെങ്ങിൽ നിന്നും ഫലം കിട്ടുകയുള്ളൂ. ഈ മണ്ഡരി രോഗബാധകൊണ്ട് തെങ്ങ് അപ്പാടെ നശിക്കുമെന്ന് ഞാൻ പറയുന്നില്ല, പക്ഷേ വിളവ് കുറയുന്നതുകൊണ്ട് ദോഷം ഉണ്ടാകുന്നുണ്ട്. അതൊക്കെ ഈ പ്രമേയാവതാരകൻ പറഞ്ഞു. ഞാൻ ചോദിക്കട്ടെ നമ്മൾ എന്തു ചെയ്തു? രോഗബാധ നിയന്ത്രിക്കാൻ ഡൈക്കോഫോൾ നിർദ്ദേശിച്ചു, അതിന്റെ മാരകമായ ഭവിഷ്യത്തിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? മന്ത്രി പ്രസ്താവനയുമായി ഓടി നടക്കുകയാണ്. ജൈവകീടനാശിനിയാണ് ഫലപ്രദം. ഞാൻ ചോദിക്കട്ടെ മന്ത്രി, ഈ ജൈവകീടനാശിനി ഉപയോഗിക്കുന്നതിനു വേണ്ടി സർക്കാർ തലത്തിൽ ഒരു ശ്രമം നടത്തിയിട്ടുണ്ടോ? പഞ്ചായത്തുകാരോട് പറയും നിങ്ങൾ കുറെ വേപ്പെണ്ണയോ കുറെ വെളുത്തുള്ളിയോ വാങ്ങിച്ചോ; എന്നിട്ട് സോപ്പുകൂടി ചേർത്ത് തളിച്ചോളൂ എന്ന്, ആര് ചെയ്യുന്നുണ്ട്? കൃഷിവകുപ്പുകാർ കുറെ വാങ്ങിച്ചു, എത്ര മരുന്ന് തെങ്ങിന് തളിച്ചു.

12 Noon

ഇപ്പോൾ ഞങ്ങൾ 140 പേർ ഇവിടുണ്ട്. ഒരു തെങ്ങെങ്കിലും നട്ടുവളർത്താത്ത ആരെങ്കിലും നമ്മുടെ നാട്ടിലുണ്ടോ? എവിടെ ഈ മരുന്നുതളി നടന്നു, മന്ത്രിയുടെ പ്രസ്താവന കേട്ടാൽ ഉഗ്രനാണ്. എവിടെ മരുന്നു തളിച്ചു, എന്റെ മണ്ഡലത്തിൽപ്പെട്ടയാളാണ് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ, ആ കൃഷ്ണൻകണിയാംപറമ്പിലിന്റെ പഞ്ചായത്തുൾപ്പെടെ ഏത് പഞ്ചായത്തിൽ സമ്പൂർണ്ണമായി ഈ മണ്ഡരിയെ നിരോധിച്ചുവെന്ന് പറയാമോ? കൃഷ്ണൻ കണിയാംപറമ്പിൽ പ്രസ്താവന നടത്തി. എല്ലാ പഞ്ചായത്തുകളിലും ഒരു ആഴ്ചയ്ക്കകം അടിച്ചു തീർത്തു, ഒറ്റ ദിവസംകൊണ്ട് അടിച്ചുതീർത്തു എന്ന്, എവിടെ അടിച്ചു എന്നാണ് പറയുക? ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിലെ മണലൂർ പഞ്ചായത്തിൽ കുറേപേർ മരുന്ന് തളിക്കാൻ ആളിനെ അന്വേഷിച്ച് തമിഴ്നാട്ടിലേക്ക് പോയി. മന്ത്രി അന്ന് അവിടെ വന്നുപറഞ്ഞു, ആയിരത്തിയഞ്ഞൂറുപേർ നാളെയിങ്ങു വരുമെന്ന്, എത്രപേർ വന്നു, ഓരാഴ്ച കഴിഞ്ഞപ്പോൾ അഞ്ചോ എട്ടോ പേർ വന്നു എന്നാണ് കേട്ടത്. എത്ര ദിവസം അടിച്ചു, ഞാൻ താമസിക്കുന്ന പഞ്ചായത്ത്, അതിനടുത്ത മുല്ലശ്ശേരി പഞ്ചായത്ത്, പാവറട്ടി പഞ്ചായത്ത് അവിടെയെങ്ങും ഒറ്റ പുരയിടത്തിൽപ്പോലും ഒരു തെങ്ങിന് പോലും മരുന്ന് തളിച്ചിട്ടില്ല. മന്ത്രി അതേപ്പറ്റി അന്വേഷിച്ചോ? സ്ഥിതി അതായിത്തീർന്നിരിക്കുന്നു. അപ്പോൾ മന്ത്രി പ്രസ്താവനയും കൊണ്ടു നടക്കുകയാണ്. തൃശൂർ ജില്ലയിൽ ഒരു പറച്ചിലുണ്ട്, മന്ത്രി കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞതുപോലെയാണ്, കാരണം പറഞ്ഞാൽ ഒന്നും നടക്കില്ല, പറയുന്നതുപോലെ ഒന്നും ചെയ്യുകയില്ല എന്നതാണ്. പ്രസ്താവന കൊണ്ട് മണ്ഡരി രോഗം മാറുമോ?

ഇതു മാറണമെങ്കിൽ ഗവണ്മെന്റ് ശ്രദ്ധചെലുത്തണം. ഇതിനെപ്പറ്റി വല്ല രൂപവുമുണ്ടോ സർക്കാരിന്? കാർഷിക കോളേജിലെ ശാസ്ത്രജ്ഞൻമാർ ഭിന്നാഭിപ്രായക്കാരാണ്, ശ്യാമസുന്ദരൻ നായർ ഒന്നുപറയും, പത്തിയൂർ ഗോപിനാഥ് വേറെയൊന്ന് പറയും. വേറെ ശാസ്ത്രജ്ഞർ വേറെയൊന്നു പറയും അവരും ആകെ ചിന്താകുഴപ്പത്തിലാണ്, നമ്മളും ചിന്താകുഴപ്പത്തിലാണ്, രോഗം വരുമ്പോൾ ചികിത്സിക്കണമെന്ന്. പറയുന്നതല്ലാതെ. അതു വൈദ്യൻമാരും പറയും ചികിത്സിക്കണമെന്ന് അല്ലാതെ, എങ്ങനെ ചികിത്സിക്കണം, ആരെക്കൊണ്ട് ചികിത്സിക്കണം, മരുന്നുണ്ടോ, ഡോക്ടർ ഉണ്ടോ, എന്നുകൂടി അന്വേഷിക്കണ്ടേ? മണ്ഡരിയെ തകർക്കാൻ മരുന്ന് തളിക്കണമെന്ന് പറഞ്ഞതുകൊണ്ടായില്ല. മരുന്ന് എത്തിച്ചുകൊടുക്കണം, മരുന്ന് തളിക്കാൻ സംവിധാനം ഉണ്ടാക്കണം. നമ്മുടെ രാജ്യത്ത് തൊഴിലാളികൾ കുറവായതുകൊണ്ട് ഏതു രീതിയിലാണ് ബാധ ഒഴിവാക്കേണ്ടത് എന്ന് ശ്രദ്ധിക്കേണ്ടേ, നിങ്ങൾ ശ്രദ്ധിച്ചോ? ഞാൻ ഒരു പുതിയ അറിവ് വച്ചുകൊണ്ടു പറയുകയല്ല. ഒരു അനുഭവം വച്ചു പറയുകയാണ്. പത്തു ഇരുപത് കൊല്ലങ്ങൾക്കു മുമ്പ് എന്റെ വീട്ടിലെ തെങ്ങിന് ഒരു രോഗബാധയുണ്ടായി, ഒറ്റ തെങ്ങിനു മാത്രമാണ് അതുണ്ടായത്. തേങ്ങ വളരെ മോശമായി, വെള്ളയ്ക്ക പൊഴിയുന്നതുകൊണ്ട് എന്റെ ഒരു വല്യപ്പൻ കുറെ ചപ്പുചവറുകൾ തെങ്ങിന്റെ ചുവട്ടിൽ വാരിയിട്ട് തീകത്തിച്ചു, പുകയിട്ടു, ആ രോഗം മാറി, പിന്നെ ഒരു തെങ്ങിനേയും അത് ബാധിച്ചിട്ടില്ല. പുകച്ചു നമ്മൾ പലരേയും പുറത്തുചാടിക്കുമല്ലോ. എന്തുകൊണ്ട് ഈ പുകപ്രയോഗം ഒന്നു നടത്തിക്കൂടാ? ഇവിടെ പറഞ്ഞല്ലോ തമിഴ്നാട്ടിൽ ഗന്ധകം പ്രയോഗിച്ചു എന്ന്, അറിയാൻ വയ്യായെങ്കിൽ ഒന്നും പറയാതിരിക്കുക. ഞാൻ അനുഭവത്തിൽ നിന്ന് പറയുകയാണ്. ഈ മണഡരി രോഗം നമ്മളോടൊപ്പം വന്നതല്ലേ തമിഴ്നാട്ടിൽ, ആന്ധ്രയിൽ വന്നില്ലേ, തമിഴ്നാട്ടിലും ആന്ധ്രയിലും ഈ മണ്ഡരിരോഗം നിയന്ത്രിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞുവെങ്കിൽ കേരളമെന്നു പറയുന്ന നമ്മുടെ കൊച്ചുനാട്ടിൽ മണ്ഡരി രോഗത്തെ തടഞ്ഞുനിർത്തി കേരളം കേരളമായി നിലനിറുത്താൻ നമ്മൾ വല്ലതും ചെയ്തോ? എന്തുകൊണ്ട് ഇതേപ്പറ്റി ഒന്നും ആലോചിച്ചുകൂടാ? ഗന്ധകം സ്പ്രേ ചെയ്തുവെന്ന് പറഞ്ഞു, ഒന്നും വേണ്ട, കുറെ ചപ്പുചവറുകൾ വാരിയിട്ട് തീ കത്തിച്ച്, കുറച്ചു ഗന്ധകം കൂടി പുകയ്ക്കുക. ഈ മരത്തിൽ കയറുന്നതിലും എളുപ്പമല്ലേ, ഇപ്പോൾ തൊഴിലാളികളെ കിട്ടാൻ എളുപ്പമല്ലല്ലോ. മന്ത്രിയുടെ പ്രസ്താവനയെല്ലാം തന്നെ വാരിക്കൂട്ടി കത്തിച്ചാൽ ആ പുകകൊണ്ട് തന്നെ അത് നശിപ്പിക്കാം. അതുകൊണ്ട് ആ രീതിയിൽ നമ്മൾ അതിനെ കാണണം. എങ്കിലേ അതുകൊണ്ട് വല്ല പ്രയോജനവും കിട്ടുകയുള്ളൂ. പഞ്ചായത്തുകൾ ആറു രൂപ, സർക്കാർ ആറുരൂപ ഇതൊക്കെ കൊടുത്തുകൊള്ളട്ടെ, കുറെ ഗന്ധകം കൂടി വാങ്ങിച്ചു കൊടുക്കാനുള്ള സംവിധാനമുണ്ടായാൽ നമുക്ക് ഇവിടെ നിന്ന് മണ്ഡരിയെ മാറ്റി നിർത്താൻ കഴിയുമെന്നതിന് യാതൊരു സംശയവുമില്ല. ബഡ്ജറ്റിൽ ഇതിന് പ്രത്യേകം തുക വക കൊള്ളിക്കണം. ദീർഘകാല വിളയാണിത്. ഇതിനെ ബാധിച്ചാൽ നമ്മെ മുഴുവൻ ബാധിക്കുന്നതാണ്. ഞാൻ ചകിരിത്തൊഴിലാളികളുടെയും കയർതൊഴിലാളികളുടെയും പ്രശ്നം ഒന്നും പറയുന്നില്ല. നല്ല കള്ള് കിട്ടുകയില്ല എന്നു പറയുന്നില്ല, കാരണം ഞങ്ങളുടെ തൊഴിലാളികൾ കള്ള് കൂടിക്കുകയില്ല അതുകൊണ്ടാണ്. പക്ഷെ തൊഴിലാളികളുടെ പ്രശ്നമെല്ലാമുണ്ട്. ഇതെല്ലാം കൂടി കണക്കിലെടുത്ത് ബഡ്ജറ്റിൽ കൂടുതൽ തുക ഉൾപ്പെടുത്തി ഈ മണ്ഡരിരോഗ ബാധ മാറ്റണം.

"ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോൽപോം
തിരയുന്നു മനുഷ്യനെന്തിനോ"

കൃഷ്ണൻ കണിയാംപറമ്പിൽ ഇങ്ങനെ വിലപിക്കേണ്ട അവസ്ഥ വരരുത്. ഇതിന് പരിഹാരമുണ്ട്, കാണണം. ഈ ഗവണ്മെന്റിന് പരിഹാരം കാണാൻ പറ്റുകയില്ലേ, നമുക്ക് ശാസ്ത്രജ്ഞന്മാർ ഇല്ലേ, മന്ത്രി ശ്രദ്ധാപൂർവം ചെയ്തിരുന്നുവെങ്കിൽ ആത്മാർത്ഥതയോടുകൂടി ചെയ്തിരുന്നുവെങ്കിൽ നമുക്ക് ഇതിനെ നിയന്ത്രിക്കാൻ കഴിയുമായിരുന്നു. ചെന്ന് പ്രസംഗിച്ചു പ്രസ്താവനയിറക്കിയിട്ടു പോരും. ഞാൻ ഉത്തരവാദിത്വബോധത്തോടുകൂടി പറയുകയാണ്, നിങ്ങൾ ചെറുവിരൽ അനക്കിയില്ലായെന്ന്, പഞ്ചായത്തുകാർ ചെലവാക്കിയെന്നാണ് പറഞ്ഞതല്ലേ, ശാസ്ത്രജ്ഞൻമാരെ ഒന്നുവരുത്താമായിരുന്നില്ലേ നമുക്ക്?

സർ, നമ്മുടെ മലയാളനാട് എന്ന പേരു തന്നെ മാറേണ്ടിവരുമോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. കേരളം എന്ന പേര് മാറ്റി വേറെ വല്ലപേരും നമ്മുടെ സംസ്ഥാനത്തിന് ഇടേണ്ട ഗതികേട് വന്നിരിക്കുകയാണ്. ഏതായാലും ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ഒന്ന് ശ്രദ്ധിക്കണം. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു അപേക്ഷയുണ്ട്. ശ്രീ. കണിയാംപറമ്പിലിനെ പ്രസ്താവനയിറക്കാനുള്ള മന്ത്രിയാക്കി മാറ്റിനിറുത്തിയിട്ട് കാർഷിക വകുപ്പ് കൈകാര്യം ചെയ്യാൻ വേറെ ഏതെങ്കിലും ഒരു മന്ത്രിയെക്കൂടി ഏർപ്പെടുത്തിയാൽ നന്നായിരുന്നു എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി.എൻ. ജയദേവൻ</u> : സർ, ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ കാർഷികമേഖലയിൽ, പ്രത്യേകിച്ച് നാളികേരക്കൃഷിക്കാർ നേരിടുന്ന ഗുരുതരമായ ഈ മണ്ഡരി രോഗബാധയെ സംബന്ധിച്ചും അതിന്

LIBRARY ARCHIVES Kerala Legislative Assembly

എടുക്കേണ്ട പ്രതിരോധ നടപടികളെ സംബന്ധിച്ചും മറ്റും എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യനായ അംഗങ്ങൾ പ്രകടിപ്പിച്ച വികാരങ്ങളോട് പൊതുവേ കേരളത്തിലെ കൃഷിക്കാരും യോജിക്കുന്നതാണ്. ശ്രീമതി റോസമ്മ ചാക്കോ എന്റെയും കൂടി എം.എൽ.എ. ആണ്. കാരണം കൃഷിവകുപ്പുമന്ത്രിയും ഞാനും ശ്രീ. കെ.പി. രാജേന്ദ്രനും ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദും ഒക്കെ റോസമ്മ ചേച്ചിയുടെ നിയോജകമണ്ഡലത്തിലെ ജനപ്രതിനിധികളാണ്. തെങ്ങിനെ ബാധിച്ചിരിക്കുന്ന ഈ രോഗം എങ്ങനെയാണ് ഉണ്ടാകുന്നതെന്നും അതിനുള്ള പരിഹാരം എന്താണെന്നുള്ളതിനെക്കുറിച്ചുമൊക്കെ വളരെ മുമ്പ് തന്നെ ചർച്ചകൾ നടത്തിക്കണ്ടെത്തിയതാണ്. കാർഷിക സർവ്വകലാശാലയും തോട്ടവിള ഗവേഷണ കേന്ദ്രവും പങ്കാളികളായിക്കൊണ്ട് കൃഷിവകുപ്പ് മുൻകൈയെടുത്ത് കാർഷിക സർവ്വകലാശാലയിലെ വലിയ ആഡിറ്റോറിയത്തിൽ ഈ ശാസ്ത്രജ്ഞന്മാരേയും കേരളത്തിലെ കൃഷിവകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥരേയും വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ ഞാനും പങ്കെടുത്തിരുന്നു. രോഗപ്രതിരോധത്തിന് കൈക്കൊള്ളേണ്ട നടപടികൾ എന്താണെന്ന് യാതൊരു സംശയത്തിനുമിടയില്ലാതെ പ്രഖ്യാപിച്ചതുമാണ്. ഡൈക്കോഫോൾ എന്ന് പറയുന്ന പെസ്റ്റിസൈഡ് ഉപയോഗിച്ചാൽ കാൻസർ വരുമെന്നുള്ള അഭിപ്രായക്കാരുണ്ട്. അതല്ല, ഡൈക്കോഫോൾ താരതമേന്യ വിഷാംശം കുറഞ്ഞതും അപകടകാരിയല്ലാത്തതുമായ ഒന്നാണെന്നുള്ള അഭിപ്രായമാണ് പൊതുവേ ഗവണ്മെന്റിന്. ശാസ്ത്രജ്ഞന്മാരും നമ്മുടെ കാർഷിക സർവ്വകലാശാലയും തോട്ടവിള ഗവേഷണ കേന്ദ്രവും നൽകിയ നിർദ്ദേശമെന്ന് ഇവിടെ പലപ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. വീണ്ടും വീണ്ടും അത് അപകടകാരിയാണെന്നുള്ള പ്രസ്താവനകൾ കേരളത്തിലെ കൃഷിക്കാരെ ഭയപ്പെടുത്തുന്ന ഒരു കാര്യമാണെന്നുള്ളതിൽ സംശയമില്ല. റോസമ്മ ചേച്ചി സൂചിപ്പിച്ചതുപോലെ പത്തിരുന്നൂറ് തെങ്ങ് പരിപാലിക്കുന്ന ഒരു കൃഷിക്കാരനാണ് ഞാൻ. ചേച്ചി സൂചിപ്പിച്ചതുപോലെ മണലൂർ ഗ്രാമ പഞ്ചായത്തിലെ കൃഷിക്കാർ ഡൈക്കോഫോൾ ഉപയോഗിക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങളുമായിട്ട് മുന്നോട്ട് പോകുന്ന ഘട്ടത്തിലാണ് ഒരു ശാസ്ത്രജ്ഞന്റെ പ്രസ്താവന വായിച്ചത്. ആ ശാസ്ത്രജ്ഞന് എന്തെങ്കിലും അസുഖമുണ്ടെങ്കിൽ ആദ്യം ചികിത്സിക്കേണ്ടത് അയാളെയാണ്. അയാൾ പറഞ്ഞു ഡൈക്കോഫോൾ ഉപയോഗിച്ചാൽ വ്യാപകമായി കാൻസർ വരുമെന്ന്. ആ പ്രസ്താവന വായിച്ചതിന്റെ പിറ്റേ ദിവസം എന്റെ പ്രദേശത്തെ കാർഷിക സമിതി യോഗം ചേർന്ന് പറഞ്ഞു ഡൈക്കോഫോൾ ഉപയോഗിക്കാൻ പറ്റില്ല. വെളുത്തുള്ളിയും വേപ്പെണ്ണയും സോപ്പും തന്നെ മതിയെന്ന്. അപ്പോൾ വേപ്പെണ്ണ കിട്ടുന്നതിന് പ്രായോഗികമായ പ്രശ്നങ്ങളുണ്ട്. കിട്ടുന്ന വേപ്പെണ്ണ തന്നെ പാമോയിലും മറ്റ് എണ്ണകളും കളറും ചേർത്ത് വേപ്പെണ്ണയാണെന്ന് വരുത്തിത്തീർക്കുന്ന മണം ഉൾപ്പെടെ ഉണ്ടാക്കുന്ന കൃത്രിമമായ വേപ്പെണ്ണയാണ്. അപ്പോൾ കേരളത്തിലെ കൃഷിക്കാർ ഇത് ഉപയോഗിക്കാൻ തയ്യാറായി വരുമ്പോൾ അവർ കണ്ടെത്തിയ പ്രതിരോധ നടപടിക്ക് വേണ്ടിയുള്ള ആ പെസ്റ്റിസൈഡ് പോലും മാരകമാണെന്നുള്ള പ്രചരണം വ്യാപകമായിട്ട് നടത്തുകയാണ്. ആരാണ് അതിന്റെ പിന്നിലുള്ളതെന്ന് എനിക്കറിയില്ല. എന്തായാലും മൂന്നാറിലെ തേയിലത്തോട്ടങ്ങളിൽ ഉൾപ്പെടെ ഉപയോഗിക്കുന്നതാണ് ഈ ഡൈക്കോഫോൾ എന്ന് കേരളത്തിലെ ശാസ്ത്രജ്ഞന്മാർ പറയുന്നു. പിന്നെ അത് തെങ്ങിന് ഉപയോഗിക്കാൻ പാടില്ലെന്ന് മാത്രം പ്രചരിപ്പിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്?

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, ഞാൻ ഒരു ഡേറ്റ് നേരത്തേ പറഞ്ഞു. 15.12.99 ൽ ആണെന്ന് തോന്നുന്നു. ഡെൽഹിയിൽ ചേർന്ന ഉന്നതതല

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്രജ്ഞന്മാരുടെ യോഗത്തിൽ കാർഷിക സർവ്വകലാശാലയിലെ ഡോ. മോഹനൻ കുമാർ, ഐ.സി.എ.ആർ. (ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച്)ലെ ഡയറക്ടർ, കോക്കനട്ട് ബോർഡിന്റെ എറണാകുളം കേന്ദ്ര ഓഫീസിന്റെ ഹോർട്ടിക്കൾച്ചറൽ ഡയറക്ടർ തുടങ്ങിയ ആളുകൾ പങ്കെടുത്ത ഉന്നതതല കോൺഫറൻസിൽ തീരുമാനമെടുത്തത് ഡെക്കോ ഫോൾ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തണമെന്നാണ്.

<u>ശ്രീ. സി.എൻ. ജയദേവൻ</u> : സർ, ഡെൽഹിയിലെ കോൺഫറൻസിൽ ശാസ്ത്രജ്ഞന്മാർ അത് ഉപയോഗിക്കാൻ നിർദ്ദേശിച്ചിരിക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കിയത്. എന്തായാലും കേരളത്തിലെ തേയിലത്തോട്ടങ്ങളിൽ ഡെക്കോഫോൾ ഉപയോഗിക്കുന്നുണ്ടോ? ഞാൻ താമസിക്കുന്ന സ്ഥലത്ത് തേയിലത്തോട്ടങ്ങളില്ല. ഇത് നാളികേരത്തിന്റെ പുറത്താണ് തളിക്കുന്നത്. നേരെമറിച്ച് തേയിലയിൽ ഇത് നേരിട്ടാണ് നമ്മൾ ഉപയോഗിക്കുന്നത്. എന്തായാലും രോഗപ്രതിരോധ നടപടിയെ ചെറുക്കുന്നതിനുള്ള ആസൂത്രിതമായ പ്രചരണം ഇപ്പോൾത്തന്നെ നടത്തുന്നുണ്ട്. അത് ആരാണ് എന്നുള്ളതുകൂടി ചർച്ചചെയ്യണം.

സർ, മറ്റൊരു കാര്യം കൂടി പറയാനുണ്ട്. ഇതിന് മരുന്ന് തളിക്കുന്നതിനുള്ള തൊഴിലാളികളെ ലഭിക്കാനുള്ള വിഷമം കേരളത്തിലെ എല്ലാവർക്കുമറിയാം. മണലൂരിൽ തെങ്ങ് കയറാൻ വരുന്നത് എറണാകുളം ജില്ലയിലെ വൈപ്പിനിൽ നിന്നുള്ള വേട്ടുവാ എന്ന സമുദായത്തിൽപ്പെട്ട ആളുകളാണ്. ഞങ്ങളുടെ പ്രദേശത്ത് ആ പണി ചെയ്യുന്നത് അവരാണ്. ആ സമുദായത്തിൽപ്പെട്ട മിക്കവാറും എല്ലാവരും ഇപ്പോൾ ഓട്ടോറിക്ഷാ ഡ്രൈവർമാരാണ്. ഒരാളും തെങ്ങ് കയറാൻ വരുന്നില്ല. മൂന്നരമാസമായി തെങ്ങുകയറ്റ തൊഴിലാളികളെ കിട്ടാനില്ലാത്തതുകൊണ്ട് എന്റെ വീട്ടിലെ തെങ്ങിൽ കയറിയിട്ടില്ല. വൈപ്പിനിൽ നിന്ന് ഇന്നലെ, അതായത് തിങ്കളാഴ്ച തെങ്ങുകയറ്റത്തൊഴിലാളി വന്നാൽ വിളിച്ച് അറിയിക്കാമെന്നാണ് എന്നോട് പറഞ്ഞിരിക്കുന്നത്. ഞാൻ ഇത് പറയാൻ കാരണം തെങ്ങുകയറ്റത്തൊഴിലാളികളെ കിട്ടാത്തതിന് കേരള ഗവണ്മെന്റ് എന്തു ചെയ്യണമെന്നതിനാണ്. തമിഴ്നാട്ടിൽ നിന്ന് തൊഴിലാളികളെ റിക്രൂട്ട് ചെയ്യണം. തമിഴ്നാടിനേയും കേരളത്തേയും ഇക്കാര്യത്തിൽ താരതമ്യപ്പെടുത്താൻ കഴിയില്ല. തമിഴ്നാട്ടിലെ തെങ്ങിൻ തോപ്പുകൾ വലിയ തോട്ടങ്ങളാണ്. കാർഷിക പരിഷ്ക്കരണ നിയമങ്ങളൊന്നും അവിടെ നടപ്പിലാക്കിയിട്ടില്ല. ഒരു ഉടമ വിളിച്ച് 10 തൊഴിലാളികൾ വേണമെന്ന് പറഞ്ഞാൽ ആയിരം തൊഴിലാളികൾ വന്ന് ക്യൂ നിൽക്കും. അതിൽ നിന്ന് 10 പേരെ തെരഞ്ഞെടുക്കാനുള്ള പ്രയാസമാണ് തമിഴ്നാട്ടിലെ തോട്ടം ഉടമയ്ക്കുള്ളത്. ഇവിടെ ഭൂപരിഷ്ക്കരണ നിയമത്തിലൂടെ ഭൂമികൾ തുണ്ടുതുണ്ടായി മാറി. തൊഴിലാളികളുമായി ബന്ധപ്പെട്ട സമുദായത്തിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ ചില രംഗങ്ങളിൽ മാറിയെങ്കിൽ പോലും ഈ മേഖലയിൽ പൂർണമായി മാറിയിട്ടില്ല. അതുകൊണ്ട് തന്നെ തൊഴിലെടുക്കാൻ ആളിനെ ലഭിക്കുന്നില്ല. തമിഴ്നാട്ടിൽ നിന്ന് ആളിനെകൊണ്ടുവരേണ്ടി വരുന്നു. ചേച്ചി പറഞ്ഞത് മണലൂർ പഞ്ചായത്തിലുള്ള തെങ്ങുകൾക്ക് മരുന്നടിക്കുന്നതിന് തമിഴ്നാട്ടിൽ നിന്ന് 50 തൊഴിലാളികളെ കൊണ്ടുവന്ന് ഞങ്ങളുടെ അവിടെ ചില ആളുകളുടെ വീടുകളിലെ കയ്യാലയിൽ താമസിപ്പിച്ചിരിക്കുകയാണ്. എന്നിട്ടാണ് മരുന്ന് അടിപ്പിക്കുന്നത്. നാട്ടിലെ തൊഴിലാളികൾ നാല് തെങ്ങ് കയറിക്കഴിഞ്ഞാൽ പിന്നെ കയറാൻ അവർ തയ്യാറല്ല. കാരണം തെങ്ങിന്റെ മണ്ട വെടിപ്പാക്കണം. ഒരു ദിവസം മരുന്ന് അടിച്ചു കഴിഞ്ഞാൽ പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത ദിവസം മരുന്നടിക്കാൻ തൊഴിലാളി മടിക്കുന്നു. തൊഴിലാളിക്ക് ഭയമാണ്. കാരണം ഡൈക്കോഫോൾ അടിച്ചാൽ കാൻസർ വരുമെന്നല്ലേ പറയുന്നത്. പലതരത്തിലുള്ള കാൻസർ വരുന്നുണ്ട്. ചേർപ്പ് നിയോജകമണ്ഡലത്തിലെ ചേനം ഗ്രാമത്തിലെ നീരവധി പേർക്ക് കാൻസർ വന്നു. ഇപ്പോൾ അതിനെക്കുറിച്ച് ഞങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. എന്താണ് കാര്യം? കോൾ നിലങ്ങളുടെ മദ്ധ്യത്തിലുള്ള ഒരു ദ്വീപാണത്. എല്ലാവിഷവും ആ കോൾ നിലങ്ങളിൽ കൊണ്ടുവന്ന് അടിക്കുന്നു. ആ വിഷം ശ്വസിച്ചിട്ടാണെന്ന് ഒരു കൂട്ടർ പറയുന്നു. ഇത്തരം സാഹചര്യങ്ങൾ നിലനിൽക്കുന്ന കേരളത്തിലാണ് സംസ്ഥാന ഗവണ്മെന്റ് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. പോരായ്മകൾ കാണാം. ഗവണ്മെന്റിന്റെ എല്ലാ വകുപ്പുകളും ചെയ്യുന്ന കാര്യത്തിൽ പോരായ്മയില്ലെന്ന അഭിപ്രായമില്ല. ആ പോരായ്മകൾ നികത്തിക്കൊണ്ട് കുറച്ചുകൂടി കാര്യക്ഷമമായി ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ തയ്യാറാകണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി.കെ.കെ. ബാവ : സർ, നമ്മുടെ രാജ്യം ഒരു കാർഷിക രാജ്യമാണ്. കേരളീയരെ സംബന്ധിച്ചിടത്തോളം.....

മി. സ്പീക്കർ : ഇന്ന് 12.30 മുതൽ 1.30 വരെയാണ് അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ച വരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ അത് നമുക്ക് മാറ്റം വരുത്താമല്ലോ. അതായത് 1.30 മണി മുതൽ 2.30 മണി വരെ ബ്രേക്ക് ഉണ്ട്. നമ്മുടെ ബി.എ.സി. തീരുമാനം അനുസരിച്ച് 1.30 മുതൽ 2.30 വരെ ബ്രേക്കാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി.കെ.കെ. ബാവ : സർ, ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളീയർ എവിടെയായിരുന്നാലും ശരി, അവർ തെങ്ങിനെക്കുറിച്ചും തേങ്ങയെക്കുറിച്ചുമാണ് അഭിമാനിക്കുന്നത്. എന്നാൽ ഇന്ന് നമ്മുടെ തെങ്ങുകൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ഹൃദയം നീറിപ്പുകയുകയാണ്. അതുകൊണ്ടുതന്നെ തെങ്ങുകളെ ബാധിച്ചിരിക്കുന്ന മണ്ഡരി രോഗബാധയെക്കുറിച്ച് നമ്മൾ ചർച്ചചെയ്യുമ്പോൾ ഇതൊരു ഭരണക്ഷി-പ്രതിപക്ഷ പ്രശ്നമായി ഒരു കാരണവശാലും കാണാൻ ഞാനാഗ്രഹിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തെ തെങ്ങുകൃഷിക്കാർ യഥാർത്ഥത്തിൽ ഇന്ന് ചൂടുവെള്ളത്തിൽവീണ പൂച്ചയെപ്പോലെയാണ്. ഞാനിത് പറയാൻ കാരണം, നമ്മുടെ സംസ്ഥാനത്ത് തീരദേശപ്രദേശങ്ങളിൽ മാഹാളി രോഗമായ തെങ്ങുകളെ വ്യാപകമായി പിടികൂടാറുണ്ട്. എന്നാൽ ആ രോഗത്തിന് പ്രതിവിധി ഏറെ സർക്കാർ നിർദ്ദേശിച്ചുവെങ്കിലും ബന്ധപ്പെട്ട ആളുകൾ അത് പ്രയോഗിച്ചു നോക്കിയെങ്കിലും അന്തിമവിശ്വാസത്തിൽ മാഹാളി രോഗത്തിനും പ്രതിവിധി എന്നുപറയുന്നത് ആ രോഗം ബാധിച്ചിട്ടുള്ള തെങ്ങുകളെ വെട്ടിമാറ്റുകയെന്നുള്ളതാണ്. ഇതിന്റെ പ്രതിഫലമായിട്ട് സർക്കാർ കൊടുക്കുന്നത് വളരെ തുച്ഛമായിട്ടുള്ള സംഖ്യയാണ്. അപ്പോൾ ആ കാരണംകൊണ്ടുതന്നെ ജീവിതാഭിലാഷമായി കണ്ടെത്തേണ്ട തെങ്ങ് നിഷ്കരണം വെട്ടിമാറ്റിക്കൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്തെ തെങ്ങുകൃഷിക്കാരെ സംബന്ധിച്ചിടത്തോളം മാഹാളിരോഗവും മണ്ഡരിരോഗത്തെപ്പോലെ അവരെ വല്ലാതെ ആശങ്കാകുലരാക്കിയിരിക്കുകയാണ്. ഇതാണ് സത്യം. ഇതിന് പ്രതിവിധിയുണ്ടാകണമെന്ന് അപ്പുറത്തും ഇപ്പുറത്തുമുള്ളവർ ഒരുപോലെ ആവശ്യപ്പെടുകയാണ്. എന്നാൽ ഇതിനൊരു പ്രതിവിധി ഉണ്ടാകണമെന്ന കാര്യത്തിൽ ആർക്കും തർക്കമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഇവിടെ ഈ രോഗത്തെക്കുറിച്ച് വിദഗ്ദ്ധരും ശാസ്ത്രജ്ഞരും വ്യത്യസ്തങ്ങളായിട്ടുള്ള അഭിപ്രായങ്ങളാണ് പറയുന്നത്. സംസ്ഥാനത്തെ കാർഷിക സർവ്വകലാശാല, അതുപോലെതന്നെ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, ഇതിനൊക്കെ പുറമേ നമ്മുടെ ശാസ്ത്രസാഹിത്യപരിഷത്തും ഇതു സംബന്ധിച്ച് വ്യത്യസ്തങ്ങളായിട്ടുള്ള അഭിപ്രായങ്ങളാണ് പറഞ്ഞിട്ടുള്ളത്. അപ്പോൾ സ്വാഭാവികമായിട്ടും വിദഗ്ദ്ധരും ശാസ്ത്രജ്ഞരും വ്യത്യസ്തങ്ങളായിട്ടുള്ള അഭിപ്രായങ്ങൾ ഇതേക്കുറിച്ച് പറയുമ്പോൾ പാവപ്പെട്ട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ ആശങ്കാകുലരാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് തന്നെ ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഡൈക്കോഫോൾ ഉപയോഗിക്കുന്ന കാര്യത്തിൽ അമാന്തം വരുന്നുണ്ടെന്ന് മാത്രമല്ല കൃഷിക്കാർ അത് ഉപയോഗിക്കാൻ മടിച്ചുനിൽക്കുകയും ചെയ്യുന്നു എന്നുള്ളതാണ് വസ്തുത. ബന്ധപ്പെട്ട ശാസ്ത്രജ്ഞന്മാരെയും വിദഗ്ദ്ധരെയുമെല്ലാം വിളിച്ചുചേർത്ത് കൃഷിക്കാരെ ബോദ്ധ്യപ്പെടുത്തത്തക്ക രീതിയിൽ ഗവൺമെന്റ് ഇക്കാര്യത്തിൽ അന്തിമമായിട്ടുള്ള ഒരു തീരുമാനം ഉണ്ടാക്കണം. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. മണ്ഡരിരോഗത്തിനെതിരായി ഇപ്പോൾ ഫലപ്രദമായി ഉപയോഗിക്കാൻ പറ്റുന്നത് ജൈവകീടനാശിനിയാണെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. രാസകീടനാശിനി ഉപയോഗിക്കുന്ന കാര്യത്തിലാണ് തർക്കമുള്ളത്. ആ തർക്കത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇവിടെ രാസകീടനാശിനി വളരെ സുലഭമായി കിട്ടാനുണ്ട്. അതുപോലെ ജൈവകീടനാശിനി നമുക്ക് കിട്ടാനുമില്ല. ഇന്നിപ്പോൾ ബഹുമാനപ്പെട്ട ജയദേവൻ പറഞ്ഞതുപോലെ മായംചേർത്ത വേപ്പെണ്ണയാണ് കിട്ടുന്നത്. മായം ചേർത്ത വേപ്പെണ്ണ ഉപയോഗിച്ചാൽ ഈ രോഗത്തെ ഫലപ്രദമായി തടയാൻ കഴിയുമെന്ന് കരുതാൻ നിർവ്വാഹമില്ല. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത് ഗവൺമെന്റ് വേപ്പിൻകുരു വളരെ അടിയന്തിരമായി സംഭരിക്കണം. എന്നിട്ട് നമ്മുടെ മില്ലുകളിൽത്തന്നെ അവ ആട്ടി എണ്ണയാക്കി എടുക്കുന്നതിനു വേണ്ട സംവിധാനമുണ്ടാക്കണം. അതിനുവേണ്ട അടിയന്തിരമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. അതോടൊപ്പംതന്നെ ഇവിടെ തെങ്ങുകയറ്റക്കാരുടെ കാര്യത്തെക്കുറിച്ച് പറഞ്ഞു. നമ്മുടെ സംസ്ഥാനത്തിന്ന് തെങ്ങിൽകയറാൻ തന്നെ ആളുകളെ കിട്ടാനില്ലാത്ത അവസ്ഥയുണ്ട്. പലപ്പോഴും പലരും തേങ്ങയിടാൻ ആശ്രയിക്കുന്നത് അവരവരുടെ സാമർത്ഥ്യം ഉപയോഗിച്ചുകൊണ്ടാണ്. ആ നിലയിൽ ഇന്ന് കാര്യങ്ങൾ ചെന്നെത്തിനിൽക്കുകയാണ്. തെങ്ങുകയറ്റക്കാരെ ഇപ്പോൾ കിട്ടാനേയില്ല. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ ഇവിടെയുള്ള അഞ്ചുകോടിയോളം തെങ്ങുകൾക്ക് മണ്ഡരിരോഗബാധയുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. അത്രയും തെങ്ങുകളിൽ കയറി അവയിൽ മരുന്നുതളിക്കണമെന്ന് പറഞ്ഞാൽ ഇന്നുള്ള തെങ്ങുകയറ്റക്കാരെക്കൊണ്ടുമാത്രം ഇതിന് സാധിക്കുമെന്ന് തോന്നുന്നില്ല, അത് സാദ്ധ്യമാകുമെന്ന് എനിക്ക് ഒരുകാരണവശാലും വിശ്വസിക്കാൻ കഴിയുകയില്ല. അതുകൊണ്ട് അടിയന്തിരമായും തെങ്ങിൽക്കയറി മരുന്നുതളി നടത്തുന്നതിനുള്ള പരിശീലനം നൽകുന്നതിനും ,ആ മരുന്നുതളിക്കുന്നവർക്ക് ആവശ്യമായിട്ടുള്ള പ്രോത്സാഹനം കൊടുക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്, ഏതായാലും രാഷ്ട്രീയചിന്തയില്ലാതെ കൃഷിക്കാരെ പൊതുവായിട്ട് ബാധിച്ചിട്ടുള്ള കാര്യമെന്നനിലയിൽ ഇതിനെ കാണുന്നതിനുള്ള ശ്രമം ഗവൺമെന്റും അതുപോലെതന്നെ ഈ നാട്ടിലെ മുഴുവൻ ആളു

LIBRARY ARCHIVES Kerala Legislative Assembly

കളും നടത്തേണ്ടിയിരിക്കുന്നു എന്നാണെന്റെ അഭിപ്രായം. ഇപ്പോൾത്തന്നെ ഏതാണ്ട് ഒരു കണക്കനുസരിച്ച് 250-കോടിയോളംരൂപ നമ്മുടെ സംസ്ഥാനത്തെ 20 കോടിയോളം വരുന്ന തെങ്ങുകൾക്ക് മരുന്നുതളിക്കുന്നതിന് ആവശ്യമായിട്ട് വരും. പക്ഷേ ഗവൺമെന്റ് ഇതിനായി അനുവദിച്ചിട്ടുള്ളത് 28 കോടിയോളംരൂപയാണ് എന്നുള്ളത് അങ്ങേയറ്റം നിർഭാഗ്യകരമാണ്. അതുകൊണ്ട് അടിന്തിരമായും മരുന്ന് തളിക്കുന്നതിന് ആവശ്യമായിട്ടുള്ള ഫണ്ട് കണ്ടെത്തണം. അത് കേന്ദ്രത്തിൽ നിന്നാണ് ലഭിക്കേണ്ടതെങ്കിൽ ഒരു സർവ്വകക്ഷി നിവേദനസംഘത്തെ അയച്ച് കേന്ദ്രഗവൺമെന്റിനോട് കാര്യത്തിന്റെ ഗൗരവം പറഞ്ഞുമനസ്സിലാക്കിക്കൊണ്ട് ഇത് നേടിയെടുക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി ഗവൺമെന്റിനോടഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പംതന്നെ ഒരു കാര്യം എനിക്കുപറയാനുള്ളത് മലബാർ ഭാഗത്ത് ഈ രോഗം തെങ്ങുകളെ ബാധിച്ചിട്ടില്ലായെന്നുള്ളതോന്നലാണ് പൊതുവേ അംഗങ്ങൾക്കുള്ളതെന്നാണ് ഇവിടെ നടന്ന ഇതുസംബന്ധിച്ചുള്ള ചർച്ചകൾ കേട്ടപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. മലബാർപ്രദേശത്തെ തെങ്ങുകളെ വളരെ ചെറിയതോതിൽ മാത്രമേ ബാധിച്ചിട്ടുള്ളൂ എന്നാണെനിക്ക് തോന്നുന്നത്. വളരെ വ്യാപകമായി മലബാർ പ്രദേശത്ത് മണ്ഡരി രോഗബാധയുണ്ടായതായി ഞാൻ പറയുന്നില്ല. എന്നാൽ അതിന്റെ സൂചനകൾ പലയിടത്തും ഉണ്ട്. മലപ്പുറംജില്ലയിൽ ഉണ്ട്. അതുപോലെ തീരപ്രദേശങ്ങളിലെ തെങ്ങുകൾക്കുമുണ്ട്. കോഴിക്കോട്ജില്ലയിലുണ്ട്., കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലൊക്കെ തെങ്ങുകൾക്ക് അതിന്റെ ബാധ ഇപ്പോൾ അനുഭവപ്പെട്ടുവരുന്നുണ്ട്. ഇത് ദ്രുതഗതിയിൽ തെങ്ങുകളെ ബാധിക്കുമെന്നുള്ള കാര്യം നമുക്ക് എല്ലാവർക്കും ഇതിനകം തന്നെ ബോദ്ധ്യപ്പെട്ടുകഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് അടിയന്തിരമായും ഇവിടെയുള്ള തെങ്ങുകളിലെ രോഗബാധ തടയുന്നതിനവശ്യമായിട്ടുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇക്കാര്യത്തിലും മലബാറിനോട് പ്രത്യേകമായി ഒരവഗണനയില്ലാതെ നോക്കാൻ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ജീവൽപ്രശ്നത്തെ നേരിടുന്നതിന് ഗവൺമെന്റിന്റെ സർവ്വവിധ സന്നാഹത്തോടുകൂടിയും മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u> : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സർ, നമ്മുടെ സംസ്ഥാനത്തെ തെങ്ങുകൾക്കുണ്ടായിരിക്കുന്ന മണ്ഡരി രോഗബാധ വളരെ മാരകമായ നിലയിൽ സംസ്ഥാനത്തെ നാളികേര ഉൽപ്പാദനത്തെത്തന്നെ ഗണ്യമായി ബാധിച്ചിരിക്കുകയ്യാണ്. ഈ വിഷയത്തിൽ രാഷ്ട്രീയത്തിനതീതമായി ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരേ അഭിപ്രായമാണ് നമുക്കെല്ലാവർക്കുമുള്ളത് എന്നത് സത്യമാണ്. അതിനിടയിൽ ഓരോ സാഹചര്യങ്ങളുടെ പേരിൽ ആയിരിക്കാം അങ്ങനെയുള്ള ചില പരാമർശങ്ങൾ വരുന്നതെങ്കിലും അതിന് അതീതമായി ഈ വിഷയത്തിൽ സംസ്ഥാനഗവൺമെന്റ് ഇടപെട്ട് പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളത് സത്യമാണ്. കാറ്റുവീഴ്ചരോഗംമൂലം തെങ്ങുകൾ നശിക്കുന്നത് ഏകദേശം ഏഴുവർഷക്കാലത്തെ സമയംകൊണ്ടാണ്. എന്നാൽ മണ്ഡരി രോഗബാധയുടെ കാര്യത്തിൽ വളരെ ചെറിയകാലയളവിനുള്ളിൽ ഏതാനും ദിവസങ്ങൾകൊണ്ടുതന്നെ തെങ്ങുകളിലെ നാളികേരക്കുലകൾ മൊത്തത്തിൽ നശിക്കുന്ന സ്ഥിതിയാണ് നമുക്ക് കാണാൻ കഴിയുന്നത്. അത്ര വേഗത്തിലാണ് മണ്ഡരിരോഗബാധ തെങ്ങുകളിൽ പടർന്നുപിടിച്ചിട്ടുള്ളത്. ഈ ഭയാനകമായ അവസ്ഥ തടയുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രതിരോധ നടപടികളുടെ കാര്യത്തിലാണ് നമ്മുടെയിടയിൽ തർക്കംവന്നിട്ടുള്ളത്. പ്രതിരോധ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ സാധാരണക്കാരായിട്ടുള്ള കൃഷിക്കാർക്ക് ഇതുസംബന്ധിച്ച് പല മെമ്പർമാരും ഇവിടെ സൂചിപ്പിച്ചതുപോലെ എന്താണ് ചെയ്യേണ്ടതെന്നുള്ളതിനെക്കുറിച്ച് ഒരു വ്യക്തതയില്ലാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് വ്യക്തമായൊരു കാഴ്ചപ്പാട് നമുക്ക് ഈ രംഗത്ത് രൂപപ്പെടുത്തുകയാണെങ്കിൽ അതൊരു നല്ല കാര്യമാണ്. അത് ഏറ്റവും പ്രധാനപ്പെട്ടതുമാണ്. മണ്ഡരിരോഗബാധയെക്കുറിച്ച് വിവിധ ഏജൻസികൾ പഠനംനടത്തിക്കൊണ്ട് വ്യത്യസ്തങ്ങളായിട്ടുള്ള അഭിപ്രായങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ആശങ്കയുണ്ടാക്കിയിരിക്കുന്നതിന്റെ മുഖ്യമായ കാരണം ഇതുതന്നെയാണ്. ഇതിനൊരു പരിഹാരമുണ്ടാവുകയെന്നുള്ളതാണ് നമ്മുടെ ഒന്നാമത്തെ ആവശ്യം. ഇവിടെ സംസ്ഥാനഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി അഭിപ്രായം പറയുന്നു. അദ്ദേഹം കൃഷിവകുപ്പുമായി ബന്ധപ്പെട്ട് വിളിച്ചുകൂട്ടാൻ കഴിയുന്ന ശാസ്ത്രജ്ഞന്മാരെയെല്ലാം വിളിച്ചുകൂട്ടി അവരെ ഒന്നിച്ചിരുത്തി ഒരഭിപ്രായ സമന്വയം നടത്തി ആ അഭിപ്രായസമന്വയം കേരളത്തിൽ ആധികാരികമായി സംസ്ഥാനഗവൺമെന്റിനുവേണ്ടി കൃഷിവകുപ്പുമന്ത്രി പറയുന്നു. കൃഷിവകുപ്പുമന്ത്രി പറയുന്നതും സംസ്ഥാനഗവൺമെന്റ് പറയുന്നതുമായ കാഴ്ചപ്പാടും ഒരു ഭാഗത്ത് നിൽക്കുമ്പോൾ പിറ്റേദിവസം മറ്റുള്ള ശാസ്ത്രജ്ഞന്മാർ മറ്റൊരഭിപ്രായം ഈ രോഗത്തെക്കുറിച്ച് പറയുകയാണ്. ഇങ്ങനെ വിവിധതരത്തിൽ വ്യത്യസ്തങ്ങളായിട്ടുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ശാസ്ത്രജ്ഞന്മാർ ഈ രംഗത്ത് വേണ്ടാത്തരീതിയിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് എനിക്ക് ഒരു നിർദ്ദേശമായി വയ്ക്കാനുള്ളത് ഈ ശാസ്ത്രജ്ഞന്മാരെ മുഴുവൻ വീണ്ടും ഒരിക്കൽക്കൂടി ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി വിളിച്ചുകൂട്ടണം. അങ്ങനെ വിളിച്ചുകൂട്ടിക്കൊണ്ട് ഈ ശാസ്ത്രജ്ഞന്മാരുടെയൊക്കെ വ്യത്യസ്ത്ങ്ങളായിട്ടുള്ള അഭിപ്രായങ്ങൾ ഒന്നിച്ച് രേഖപ്പെടുത്താനുള്ള അവസരം ഉണ്ടാക്കണം. കേന്ദ്രത്തിൽനിന്നുള്ള ശാസ്ത്രജ്ഞന്മാരുടെ പഠനസംഘം കേരളത്തിൽ വരുന്നതായി പത്രങ്ങളിൽ വാർത്താവരികയുണ്ടായി. ഇന്ന് വരുന്ന കേന്ദ്ര പഠനസംഘം മറ്റൊരഭിപ്രായം മണ്ഡരിരോഗത്തെക്കുറിച്ച് പറയും. ഈ പഠനസംഘങ്ങളുടെയെല്ലാം അഭിപ്രായം സമന്വയിപ്പിച്ചുകൊണ്ട് മണ്ഡരി രോഗബാധയ്ക്ക് പ്രതിരോധം സംബന്ധിച്ച് വ്യക്തമായൊരു കാഴ്ചപ്പാട് വളർത്തിയെടുക്കാനുള്ള ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടാവണം. ഇക്കാര്യത്തിൽ ജൈവകീടനാശിനിയുടെ ആപ്ലിക്കേഷനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അതുപോലെതന്നെ ഇപ്പോഴുള്ള ഡൈക്കോഫോളിനെക്കുറിച്ചും പറയുകയുണ്ടായി. ഇങ്ങനെ വ്യത്യസ്തങ്ങളായിട്ടുള്ള കാര്യങ്ങൾ ഇവിടെ ഈ രോഗത്തിന്റെ പ്രതിരോധവുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഇതിൽ ഏത് നടപ്പാക്കിയാലും കൃഷിക്കാർ ഇവിടെ പരിസ്ഥിതിപ്രശ്നങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ, ഇതൊക്കെ ഇവിടെ പറയുകയാണ്. അതൊക്കെ കൃഷിക്കാരിൽ ആശങ്ക ഇതുസംബന്ധിച്ച് ഉളവാക്കിയിരിക്കുകയാണ്. ഇതൊക്കെ പരിഹരിക്കാൻ കഴിയുന്ന നിലയിൽ ഒരു വ്യക്തതയുണ്ടാക്കാൻ കഴിയുന്ന നിലയിൽ ആധികാരികമായനിലയിൽ ഈ വിഷയത്തെക്കുറിച്ച് പറയാൻകഴിയുന്ന നിലയിലുള്ള ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് വളർത്തിയെടുക്കുവാനും നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർക്കിടയിലുള്ള ആശങ്ക മാറ്റിയെടുക്കുവാനും കഴിയണം. അതുകൊണ്ട് ശാസ്ത്രീയമായ പഠനം ഇക്കാര്യത്തിൽ നടത്തിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണം. നമുക്ക് ഇക്കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും വലിയ അനുഭവസമ്പത്തായി ഇന്നും പ്രയോജനപ്പെട്ടിട്ടുള്ളത് നാടൻരീതികൾ തന്നെയാണ്. അപ്പോൾ അതിന്റെ സാദ്ധ്യതകൾകൂടി കൃഷിക്കാരെ പഠിപ്പിക്കുവാനുള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടാവണം. ഇവിടെ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും കുറ്റം പറയുകയാണെങ്കിൽ നമുക്ക് എത്രയോ കാര്യങ്ങൾ പറയാൻ കഴിയും. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏതാണ്ട് രണ്ടുലക്ഷത്തോളം തെങ്ങുവിത്തുകൾ നമ്മുടെ സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുകയുണ്ടായി. കൊച്ചിയിലാണ് അന്ന് ആ തെങ്ങിൻവിത്തുകൾ ഇറക്കിയത്. പഴയ ഗവൺമെന്റിന്റെ കാലത്ത് നടന്ന ആ തെങ്ങുവിത്തുകളുടെ ഇറക്കുമതിയെക്കുറിച്ച് ഇപ്പോൾ ഇവിടെ വിമർശിക്കുകയാണെങ്കിൽ ആ നിലയിൽ നമുക്ക് പലതും പറയാൻ കഴിയും. അന്ന് ആ തെങ്ങിൻവിത്തുകൾ ഇറക്കുമതി ചെയ്തത് കൊച്ചിയിലാണ്. ഇപ്പോൾ തെങ്ങുകൾക്ക് മൂണ്ഡരിരോഗബാധ തുടങ്ങിയിട്ടുള്ളതും കൊച്ചിയിലാണ്. അന്ന് ഇവിടേക്ക് ഇറക്കുമതി ചെയ്ത തെങ്ങിൻവിത്തുകളെക്കുറിച്ച് സൂക്ഷ്മമായ പരിശോധന നടത്തിയിട്ടില്ലെന്നുള്ള ആക്ഷേപങ്ങളും ഈ രംഗത്തുണ്ടായിട്ടുണ്ട്. അതുകൊണ്ട് അങ്ങനെയൊന്നും പറയുന്നതിൽ അർത്ഥമില്ല. ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിയുന്ന സാഹചര്യമാണ് നമുക്കിവിടെ ഉണ്ടാക്കേണ്ടത്. അക്കാര്യത്തിൽ രാഷ്ട്രീയത്തിനതീതമായി ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട്. അത് കൂടുതൽ സജീവമായി കാര്യക്ഷമമായി കൃഷിക്കാർക്ക് ഉപകരിക്കുന്ന നിലയിൽ ഫലപ്രദമായി പ്രാവർത്തികമാക്കാനുള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടാകണം. അതിനുവേണ്ടി ഗവൺമെന്റ് മുൻകൈയെടുക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ഏതായാലും മണ്ഡരിയുടെ കാര്യത്തിൽ യു.ഡി.എഫ്.ഉം എൽ.ഡി.എഫും.ഉം തമ്മിൽ വ്യത്യാസമില്ല. മണ്ഡരി എല്ലാവരുടെയും പ്രശ്നമാണ്. ഇനി

ശ്രീ. മാമ്മൻ മത്തായി : സർ, ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളത്തിലെ കേരകർഷകൻ ഇന്ന് വലിയൊരു പ്രതിസന്ധിയെ നേരിടുകയാണ്. ഈ പ്രതിസന്ധിക്ക് പ്രതിവിധി കണ്ടുപിടിക്കേണ്ടതും അടിയന്തിരമായി പ്രായോഗികതലത്തിൽ അത് വിജയിപ്പിക്കേണ്ടതും വളരെ അത്യന്താപേക്ഷിതമായ കാര്യമാണ്. ബഹുമാന്യനായ മന്ത്രി ജില്ലകളിലൊക്കെ വന്ന് യോഗം വിളിച്ചുകൂട്ടുകയും ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് പറയുകയും ചെയ്തു. പക്ഷെ പ്രായോഗികതലത്തിലേയ്ക്ക് ചെല്ലുമ്പോൾ കാര്യമായ വിജയമുണ്ടാകുന്നില്ലെന്ന് നമുക്ക് കാണാൻ കഴിയും. അതിന് പ്രധാനമായ കാരണം മണ്ഡരി ബാധയെ സംബന്ധിച്ച് കർഷകരുടെ മനസ്സിൽ വളരെയധികം ആശങ്കകൾ വളർത്തുന്ന ധാരാളം പ്രസ്താവനകൾ വന്നുകഴിഞ്ഞുവെന്നതാണ്. അതിന് പ്രധാനപ്പെട്ട കാരണക്കാർ അങ്ങയുടെ മിത്രകീടങ്ങളായ കൃഷിവകുപ്പും കാർഷികസർവ്വകലശാലയുമാണ്. കാരണം, ഈ രോഗബാധയെപ്പറ്റി അറിഞ്ഞു തുടങ്ങിയപ്പോൾത്തന്നെ വന്ന പ്രസ്താവനകളെല്ലാം പരസ്പരവിരുദ്ധങ്ങളായിരുന്നു. യാതൊരു സംശയവുമില്ല. കാർഷിക സർവ്വകലാശാല അവരുടെ ഒരു റിപ്പോർട്ടിൽ പറയുന്നത്, ഈ ബാധമൂലം ഒരു വർഷം 150 മുതൽ 180 കോടി രൂപ വരെ നഷ്ടമുണ്ടാകുന്നു., നമ്മുടെ സംസ്ഥാനത്ത്, 90 ശതമാനം പ്രദേശങ്ങളിലും ഈ ബാധ പടർന്നുപിടിച്ചിരിക്കുന്നുവെന്നാണ്. ഇതിന് പ്രതിവിധിയായി ചില കാര്യങ്ങൾ അവർ നിർദ്ദേശിക്കുകയുണ്ടായി. പക്ഷെ, ആ പ്രതിവിധികളെ സംബന്ധിച്ചിടത്തോളം ഇതിനകത്ത് പറയുന്നത്, ഒന്ന്,

LIBRARY ARCHIVES Kerala Legislative Assembly

വെളുത്തുള്ളി-വേപ്പെണ്ണ മിശ്രിതമാണ്. മറ്റൊന്ന്, ഡൈക്കോഫോൾ. ഡൈക്കോഫോളിനെ സംബന്ധിച്ച് ശ്രീ. ജയരാജൻ പറയുകയുണ്ടായി. ഡൈക്കോഫോൾ ആളുകൾക്ക് പേടിയായിത്തുടങ്ങി. വേപ്പെണ്ണ മിശ്രിതത്തെ സംബന്ധിച്ചിടത്തോളം അത് തളിക്കാൻ തെങ്ങിൽ കയറിയാൽ ഇറങ്ങണമെങ്കിൽ അവന്റെ കൈയിൽ വേപ്പെണ്ണ പുരളുമ്പോൾ പിന്നെ ഏണി കൊണ്ടു കൊടുക്കേണ്ട ഗതികേടിലാണ് കൃഷിക്കാർ. നാല് തെങ്ങിൽ കയറിയാൽ വഴുതി താഴോട്ടുപോവുകയാണ്. അതുകൊണ്ട് ഇന്ന് മരുന്ന് അടിക്കുന്നവനെ നാളെ കിട്ടുകയില്ല. ഇതാണ് അതിന്റെ സ്ഥിതി. മാത്രമല്ല, 9 രൂപ കൊടുത്താൽ അടിക്കുമെന്നു പറയുന്നതിന് ഇന്ന് 15, 16, 20 രൂപ വരെ കൊടുക്കുന്ന പ്രദേശങ്ങളുണ്ട്. ഇത് കാര്യമായി നടക്കുന്നില്ലെന്നുള്ളതാണ് വസ്തുത. ഇത് കാർഷിക സർവ്വകലാശാലയെയും കൃഷിവകുപ്പിനെയും ഏൽപ്പിച്ചാൽ നമ്മുടെ തെങ്ങു നശിച്ചാലും ഇതിന് പ്രതിവിധി ഉണ്ടാവുകയില്ല. നാം അത് കണ്ടതാണ്. 1949 മുതൽ കാറ്റുവീഴ്ചയ്ക്കുള്ള പ്രതിവിധികൾ കണ്ടുപിടിക്കുന്നതിനുള്ള പരീക്ഷണങ്ങൾ നമ്മൾ തുടർന്നുകൊണ്ടുപോവുകയാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ഈ കാര്യത്തിൽ യഥാർത്ഥ പ്രതിവിധി കണ്ടുപിടിക്കണമെങ്കിൽ ഗവൺമെന്റ് ഏതെങ്കിലും വിദേശ ഏജൻസികളുടെ സഹായം തേടണം. നമ്മുടെ സംസ്ഥാനത്തെപ്പോലെതന്നെ മണ്ഡരിരോഗം തമിഴ്നാട്ടിലുമുണ്ട്. അവർ അതിന് പ്രതിവിധി ശുപാർശ ചെയ്തിട്ടുണ്ട്. അവരുടെ പ്രതിവിധിയെന്ന് പറയുന്നത് തെങ്ങിൽ കയറാതെ തെങ്ങിന് മരുന്നിടാനുള്ള ഒരു മാർഗ്ഗമാണ്. അങ്ങനെയെങ്കിൽ അത് കണ്ടുപിടിക്കണം. പൂർണ്ണമായും ഇതിന്റെ മുഴുവൻ ചെലവും ഗവൺമെന്റ് ഏറ്റെടുക്കണം. ഈ കാര്യത്തിൽ ഇനിയും കൃഷിക്കാരനെ ബുദ്ധിമുട്ടിച്ചിട്ട് കാര്യമില്ല. രണ്ടാമത്, രണ്ട് മിത്ര കീടങ്ങളെയും, കാർഷിക സർവ്വകലാശാലയെയും കൃഷിവകുപ്പിനെയും മാറ്റിനിറുത്തിക്കൊണ്ട് ഇതിന് യഥാർത്ഥ പ്രതിവിധി കണ്ടുപിടിക്കാനും പ്രായോഗികതലത്തിൽ അത് ഫലപ്രദമാക്കാനും ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടും ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ടും വിവിധ പാർട്ടികളെ പ്രതിനിധീകരിച്ച് സംസാരിച്ചവരുടെ അഭിപ്രായങ്ങളോട് ഞാൻ യോജിക്കുകയാണ്. നമ്മുടെ സമ്പദ്ഘടനയുടെ അടിത്തറയാണ് നാളികേരക്കൃഷി. നാളികേരക്കൃഷിയുടെ തകർച്ച ഈ സംസ്ഥാനത്തെ സമ്പദ്ഘടനയുടെ തകർച്ചയാണെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഇന്ന് ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ നാളികേരകൃഷി വളരെ ഗുരുതരമായ തകർച്ചയെ നേരിടുകയാണ്. മണ്ഡരിരോഗബാധമൂലം പൂർണ്ണമായും നാളികേരക്കൃഷി തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. ഇത് സംസ്ഥാന ഗവൺമെന്റിനുമാത്രമായി നേരിടാൻ കഴിയുന്ന ഒന്നല്ല. ഇക്കാര്യത്തിൽ ഇതൊരു ദേശീയ ദുരന്തമായി കേന്ദ്രഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാനും കേരള സമ്പദ്ഘടനയുടെ അടിത്തറയായ നാളികേരക്കൃഷിയെ രക്ഷിക്കാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി ഈ സഭയിലുള്ള എല്ലാ രാഷ്ട്രീയപ്പാർട്ടികളും ചേർന്ന് മതിയായ സാമ്പത്തികസഹായം വാങ്ങിയെടുക്കുന്നതിനും പരിശ്രമിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി നമുക്കറിയാവുന്ന കാര്യമാണ്. ഈ സമ്പദ്ഘടന തകരുന്നതരത്തിൽ വളരെ ഗുരുതരമായ സ്ഥിതി നേരിടുന്ന ഒരവസരത്തിൽ കേന്ദ്രത്തിൽനിന്ന് ഞാൻ നേരത്തെ പറഞ്ഞതുപോലെ ഒരു ദേശീയദുരന്തമെന്നുള്ള നിലയിൽ നാളികേരക്കൃഷിയെ രക്ഷിക്കുന്നതിന് കേന്ദ്രസഹായം കർശനമായിവാങ്ങി എടുക്കാൻ പരിശ്രമി

LIBRARY ARCHIVES Kerala Legislative Assembly

ക്കണം. അതുപോലെതന്നെ മണ്ഡരിരോഗത്തെ പൂർണ്ണമായും തടയുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഞാൻ മനസ്സിലാക്കുന്നത് കേരളത്തിൽ ഈ മണ്ഡരിരോഗം പിടിപ്പെട്ടപ്പോൾത്തന്നെയാണ് തമിഴ്നാട്ടിലും പിടിപെട്ടതെന്നാണ്. എന്നാൽ തമിഴ്നാട്ടിൽ അത് പൂർണ്ണമായി നിയന്ത്രിക്കാൻ അവർക്ക് കഴിഞ്ഞു. ഈ മണ്ഡരിരോഗം തടയുന്നതിന് രാസകീടനാശിനിയും ജൈവകീടനാശിനിയും ഉപയോഗിക്കുന്നത് സംബന്ധിച്ച് അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ഡൈക്കോഫോൾ ഉപയോഗിക്കാൻ കൃഷിക്കാർ തയ്യാറെടുക്കുന്ന അവസരത്തിലാണ് മാരകമായ പരിസ്ഥിതി പ്രശ്നമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്നുള്ള അഭിപ്രായം വന്നിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ന് കേരളത്തിലെ കർഷകർ ഡൈക്കോഫോൾ ഉപയോഗിക്കുന്നതിൽനിന്ന് മാറിനിൽക്കുകയാണ്. ഇതിനെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായമുള്ള എല്ലാ സയന്റിസ്റ്റുകളെയും വിളിച്ചുകൂട്ടി സംസ്ഥാനഗവൺമെന്റ് അടിയന്തിരമായി ഇതിനെ സംബന്ധിച്ച് പരിശോധിച്ച് അപകടകരമല്ലെങ്കിൽ അത് ഉപയോഗിക്കാനുള്ള നിർദ്ദേശം കർഷകർക്ക് കൊടുക്കണം.

സർ, ജൈവ കീടനാശിനിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഇവിടെ നേരത്തെ പറഞ്ഞതുപോലെ വേപ്പെണ്ണ കിട്ടാനില്ല. മായം ചേർത്ത വേപ്പെണ്ണ ഉപയോഗിച്ചാണ് ചെയ്യുന്നതെങ്കിൽ അത് ഫലപ്രദമാകാൻ പോകുന്നില്ല. അതുപോലെതന്നെ തൊഴിലാളികളെ കിട്ടാനില്ല. ഈ പ്രശ്നങ്ങളൊക്കെ ഉണ്ട്. ഇതിനൊക്കെ എങ്ങനെ പരിഹാരം കാണാൻ കഴിയും? കേന്ദ്രഗവൺമെന്റിൽ നിന്ന് പണം കിട്ടിയാൽപ്പോലും ഇത് എങ്ങനെ ഇംപ്ലിമെന്റ് ചെയ്യാൻ കഴിയുമെന്നുള്ളതു സംബന്ധിച്ച് നമ്മുടെ പ്രസംഗങ്ങളും പ്രസ്താവനകളും മാറ്റിവച്ചുകൊണ്ട് പ്രവൃത്തിയിലേയ്ക്ക്, ആക്ഷനിലേയ്ക്ക് വരാൻ സംസ്ഥാനഗവൺമെന്റ് മുൻകൈയെടുക്കണം. കേരളത്തിന്റെ സമ്പദ്ഘടനയുടെ അടിത്തറയായ നെൽക്കൃഷിയെ രക്ഷിക്കാനും, അതുവഴി സമ്പദ്ഘടനയെ സംരക്ഷിക്കാനും കഴിയുന്ന നടപടി സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അപേക്ഷിക്കുകയാണ്.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഇവിടെ ശ്രീ പി.പി. തങ്കച്ചൻ അവതരിപ്പിച്ച പ്രമേയത്തിൻമേലുള്ള ചർച്ച നടക്കുമ്പോൾ ഇത് തികച്ചും രാഷ്ട്രീയത്തിനതീതമായി കാണേണ്ട ഒരു കാര്യമാണ്. ചർച്ചയിൽ പങ്കെടുത്ത് ഇരുഭാഗത്തുനിന്നുമുള്ള അംഗങ്ങൾ പറഞ്ഞ കാര്യവും അതുതന്നെയാണ്. ആ കൂട്ടത്തിൽ ബാലനും വൈദ്യരുമല്ലാത്ത ശ്രീ. ബാലൻ വൈദ്യരാണ് അതിൽനിന്ന് അൽപ്പം വ്യതിചലിച്ച് സംസാരിച്ചത്. ഈ നിയമസഭാസമ്മേളനം ആരംഭിച്ചത് 13-ാം തീയതിയാണ്. 13-ാം തിയതി ആരംഭിച്ച സമ്മേളനത്തിൽ ആദ്യമായി വന്ന പ്രമേയവും ഈ മണ്ഡരിരോഗബാധയെ സംബന്ധിച്ചായിരുന്നു. അന്ന് ബഹുമാന്യനായ കൃഷിവകുപ്പുമന്ത്രി മറുപടിയായി പറഞ്ഞ കാര്യങ്ങൾ അതിനുശേഷവും അദ്ദേഹം പ്രസ്താവനകളായി ഇറക്കുന്നുണ്ട്. ഇവിടെ അങ്ങ് ചില കാര്യങ്ങൾ പറഞ്ഞു. സംസ്ഥാന ഗവൺമെന്റ് കുറെ പണം മുടക്കിയ കാര്യം പറഞ്ഞു. ഈ സംസ്ഥാനത്തെ രോഗബാധിതപ്രദേശങ്ങളായ പഞ്ചായത്തുകളിൽ തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ മരുന്നുതളിക്കുമെന്ന് പറഞ്ഞു. അങ്ങ് അതിനെ സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ? എത്ര പഞ്ചായത്തുകളിൽ ഈ മരുന്നുതളിക്കൽ നടന്നിട്ടുണ്ട്. അങ്ങേയ്ക്ക് പറയാൻ കഴിയുമോ? ഇത്ര നാളുകൾ പിന്നിട്ടിട്ടും ഇതുവരെ പഞ്ചായത്തുകൾ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരുന്നുതളി ആരംഭിച്ചിട്ടില്ല. എന്താണ് അതിന്റെ കാരണം? അപ്പോൾ ഗവൺമെന്റ് അതിന്റെ നയം എന്നുള്ളരീതിയിൽ പ്രഖ്യാപനങ്ങളും പ്രസ്താവനകളും മാറി മാറി ഇറക്കുന്നു. മരുന്നുതളിക്കാൻ ആളെ കിട്ടാത്തതുകൊണ്ട് മരുന്നു തളിക്കൽ നടക്കുന്നില്ല. അതുകൊണ്ട് ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാതിരിക്കാൻ നിവർത്തിയില്ല. ഈ രോഗബാധ, കീടബാധ തടയാനുള്ള നടപടികൾ സ്വീകരിക്കാൻ നൂറുകോടിരൂപ കേന്ദ്ര ഗവൺമെന്റിൽനിന്നും നൽകണം. അതോടൊപ്പം സംസ്ഥാന ഗവൺമെന്റും തൊണ്ണൂറു കോടി രൂപ ചെലവാക്കണം. അതാണ് ബഹുമാനപ്പെട്ട പി.പി. തങ്കച്ചൻ അവതരിപ്പിച്ച പ്രമേയം. എന്താണ് ആ പ്രമേയം അംഗീകരിച്ചാൽ? കേന്ദ്രത്തോട് നൂറുകോടി രൂപ ചോദിച്ചു വാങ്ങാൻ നമുക്ക് ഒറ്റക്കെട്ടായി നിൽക്കാം, അതോടൊപ്പം സംസ്ഥാന ഗവൺമെന്റ് എന്തു ചെയ്യും? അത് ചെയ്യേണ്ട ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിനില്ലേ? റൂൾ 275 അനുസരിച്ചുള്ള പി.പി. തങ്കച്ചന്റെ പ്രമേയം ഇവിടെ വന്നതിനുശേഷം ബഹുമാന്യനായ മന്ത്രിയുടെ മറ്റൊരു പ്രമേയം സർക്കുലേറ്റു ചെയ്തു. അതിൽ എന്താണു പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട പി.പി. തങ്കച്ചന്റെ പ്രമേയം അംഗീകരിച്ചാൽ എന്താണു ഗവൺമെന്റിനു കുഴപ്പം? 190 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചിരിക്കുന്നു. അതിൽ നൂറു കോടി രൂപ കേന്ദ്രം തരണമെന്നും ബാക്കി 90 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ചെലവഴിക്കണമെന്നും ഏകകണ്ഠമായി പാസ്സാക്കിയാൽ എന്താണു തെറ്റ്? അങ്ങ് എന്തിനാണ് ഒരുഭാഗം വിട്ടുകളഞ്ഞത്. അങ്ങയുടെ പ്രമേയം, അതിൽ പറഞ്ഞിരിക്കുന്നത് "190 കോടി രൂപയിൽ 100 കോടി രൂപ കേന്ദ്രഗവൺമെന്റ് തരണമെന്ന് സഭ ഏകകണ്ഠമായി ആവശ്യപ്പെടുന്നു." അപ്പോഴാണ് ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാൻ ഞാൻ നിർബന്ധിതനായത്. അപ്പോൾ കേന്ദ്രത്തിൽനിന്നും കിട്ടേണ്ടതു വാങ്ങണം. 1997 നവംബർ മാസത്തിൽ ആദ്യമായി എറണാകുളം ജില്ലയിൽ ആമ്പല്ലൂർ പഞ്ചായത്തിൽ ഒരു യോഗം ചേർന്നു. ഈ കീടബാധയ്ക്ക് എതിരായി എന്തു ചെയ്യണമെന്ന് ചർച്ചചെയ്യാൻ ചേർന്ന ആ യോഗത്തിൽ ഞാനും പ്രതിനിധിയായിരുന്നു. ആ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ശ്രീ. ടി.എം. ജേക്കബും ശ്രീ. കെ.ബാബു എം.എൽ.എ.യും ഉണ്ടായിരുന്നു. ആ യോഗത്തിൽ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞന്മാർ ചില നിർദ്ദേശങ്ങൾ പറഞ്ഞു. അവ നടപ്പാക്കാൻ നിങ്ങൾ തയ്യാറായോ? അറിവുള്ള ആളുകൾ പറഞ്ഞാൽ നിങ്ങൾ പലപ്പോഴും പുച്ഛിച്ചു തള്ളുകയാണ്. കൃഷിവകുപ്പിലെ ശാസ്ത്രജ്ഞന്മാർ ഇതുപോലെയുള്ള പ്രശ്നങ്ങളെക്കുറിച്ച് അറിവുള്ളവർ പറഞ്ഞ കാര്യങ്ങൾ യഥാസമയം നടപ്പാക്കിയിരുന്നെങ്കിൽ ഇന്ന് ഈ കീടബാധയെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയുമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവനകളിറക്കുമ്പോൾ ആ പ്രസ്താവന ചെയ്യുന്ന കാര്യങ്ങളോട് ആത്മാർത്ഥത കാണിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ശ്രീ. പി.പി. തങ്കച്ചന്റെ പ്രമേയം ഏകകണ്ഠമായി അംഗീകരിക്കാനുള്ള വിശാലമായ കാഴ്ചപ്പാട് അങ്ങേയ്ക്ക് ഉണ്ടായാൽ നമുക്ക് ഇതിനെ രാഷ്ട്രീയത്തിനതീതമായി കാണാൻ സാധിക്കും. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് തകർന്നുകൊണ്ടിരിക്കുന്ന കേരളത്തിലെ കാർഷിക മേഖലയെ താൽക്കാലികമായി പിടിച്ചുനിറുത്താൻ രാഷ്ട്രീയ താൽപ്പര്യത്തിന് അതീതമായി ഇതിനെ കൈകാര്യം ചെയ്യാൻ ഗവൺമെന്റ് ഭാഗത്തുനിന്നും തയ്യാറാകണം. ബഹുമാനപ്പെട്ട പി.പി. തങ്കച്ചൻ അവതരിപ്പിച്ച പ്രമേയം യാതൊരു ഭേദ

LIBRARY ARCHIVES Kerala Legislative Assembly

ഗതിയും കൂടാതെ അംഗീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നു പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ശക്തിയായി അനുകൂലിക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടനയെ സാരമായി ബാധിക്കുന്ന മണ്ഡരി രോഗബാധയെ താൽക്കാലിക അടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും തടയാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കിയും ജനകീയ പങ്കാളിത്തം ഉറപ്പാക്കിയും മണ്ഡരിരോഗം തടയുന്നതിനുള്ള പരിശ്രമങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത്. ഈ പ്രശ്നത്തെ സമീപിക്കുമ്പോൾ പ്രതിപക്ഷാംഗങ്ങൾ സ്വീകരിക്കുന്ന സമീപനം ഏതു നിലയിലും സർക്കാരിന്റെ ഭാഗത്തുള്ള പ്രശ്നത്തെ കുറ്റപ്പെടുത്തുക എന്നുള്ള നിലയിൽ മാത്രമാണ്. ഈ പ്രശ്നം ഉൽഭവിച്ച അന്നുമുതൽ വളരെ തീവ്രമായ പരിശ്രമങ്ങളും നടപടികളും നമ്മുടെ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. കൃഷിവകുപ്പു മന്ത്രി ഇക്കാര്യത്തിൽ വളരെയേറെ താൽപ്പര്യമെടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ വീഴ്ചയുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കേണ്ടത് പ്രതിപക്ഷത്തിന്റെ കടമയാണ്. എന്നാൽ കൃഷിവകുപ്പുമന്ത്രി ഇക്കാര്യത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ ഒരു നല്ല വാക്കുകൊണ്ടുപോലും അഭിനന്ദിക്കാനുള്ള മനസ്സ് പ്രതിപക്ഷാംഗങ്ങൾ കാണിച്ചിട്ടില്ല. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകമെന്നു' പറഞ്ഞതുപോലെ രാഷ്ട്രീയമായ സമീപനമാണ് പ്രതിപക്ഷത്തിന്റെ അടിസ്ഥാന തത്വം. ഇവിടെ രാസവളത്തെക്കുറിച്ചും മാരകമായ കീടനാശിനിയെക്കുറിച്ചും വിവാദങ്ങൾ നടക്കുന്നു. പ്രകൃതിയുമായി ഒത്തിണങ്ങിപ്പോകുന്ന ഒരു കൃഷി സമ്പ്രദായമാണ് നല്ലത് എന്നാണ് എന്റെ അഭിപ്രായം. ജൈവ വളവും ജൈവ കീടനാശിനിയുമെല്ലാം ഉപേക്ഷിച്ച് സാമ്പത്തികാധിഷ്ഠിതമായി കൃഷിയെ മാറ്റിത്തീർത്ത നമ്മൾ തന്നെയാണ് ഇന്നത്തെ ഈ അവസ്ഥയ്ക്ക് ഉത്തരവാദികൾ. അമിതമായ രാസവള കീടനാശിനി പ്രയോഗത്തിലൂടെ നമ്മുടെ കൃഷിയെ സാമ്പത്തികവൽക്കരിച്ച് ഇന്നത്തെ അവസ്ഥയിലേക്ക് കൃഷിയെ മാറ്റിത്തീർത്തത്, അതിനെക്കുറിച്ചുള്ള ഒരു പുനർ ചിന്തനമാണ് നമുക്കുണ്ടാകേണ്ടത്. മൂന്നാം ലോക രാഷ്ട്രങ്ങളുടെ ഇടപെടലുകൾ നമ്മുടെ തനിമ കൃഷി സമ്പ്രദായത്തെ തകർക്കുകയും അതിനെ രോഗബാധിതമാക്കിത്തീർക്കുകയും ചെയ്തിട്ടുണ്ട്. ആ മൂന്നാം ലോക രാഷ്ട്രങ്ങളുടെ കൃഷി സമ്പ്രദായത്തെ മുന്നോട്ടു കൊണ്ടുപോകാൻ നമുക്ക് ശ്രമം നടത്തേണ്ടതുണ്ട്. വികസിത രാഷ്ട്രങ്ങളിൽ 1960 കളിൽ നിരോധിച്ച ഡി.ഡി.റ്റി പോലെയുള്ള മാരകമായ വിഷങ്ങൾ നാം ഉപയോഗിച്ചുകൊണ്ട് മുന്നോട്ടു പോകുകയാണ്. ഇതെല്ലാം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് ജൈവവളത്തിലേക്കും ജൈവ കീടനാശിനിയിലേക്കും തിരിയാൻ ഒരു മടക്കയാത്രയ്ക്ക് തയ്യാറാകുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള കാർഷിക സമീപനംകൂടി സ്വീകരിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. അതു ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. നാണുമാസ്റ്റർ : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സർ, ഇത്തരത്തിലുള്ള ഒരു ചർച്ച വളരെ പ്രയോജനകരമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാനംതന്നെ നാളികേരക്കൃഷിയാണ്. ഒരു ഘട്ടത്തിൽ കേരകർഷകരിൽ മാത്രം ഉത്കണ്ഠയുളവാക്കിയ ഈ സംഭവം ഇന്നു നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ഉത്കണ്ഠാകുലരാക്കിയിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. കാരണം ഇതു നമ്മുടെ സംസ്ഥാനത്തെ സമ്പദ്ഘടനയെ സാരമായി ബാധിക്കും. അതുകൊണ്ട് എല്ലാവർക്കും ഉത്കണ്ഠയുണ്ട്. ഈ പ്രശ്നങ്ങൾ സംബന്ധിച്ച് പരിശോധിക്കുമ്പോൾ വളരെ ശാസ്ത്രീയമായി നമ്മൾ പരിശോധന നടത്തിയിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. എന്നാൽ ഈ സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ കൃഷി ഡിപ്പാർട്ടുമെന്റും ഗവൺമെന്റും വളരെ ഗൗരവമായി ഇടപെടുകയും ആവശ്യമായ നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്. ആ കാര്യത്തിൽ അമാന്തം വരുത്തിയതായി എനിക്ക് അഭിപ്രായമില്ല. ഈ പ്രശ്നത്തിൽ കൃഷി ഡിപ്പാർട്ടുമെന്റും പഞ്ചായത്തുകളുമായി യോജിച്ച് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എന്നാലും അതു ഫലപ്രദമാക്കാനുള്ള നടപടികൾ നാം ഇനിയും കൈക്കൊള്ളേണ്ടിയിരിക്കുന്നു. സാമ്പത്തികമായി പ്രതിസന്ധിയുള്ള ഈ കാര്യത്തിൽ തീർച്ചയായും കേന്ദ്ര ഗവൺമെന്റിന്റെ സഹായമുണ്ടാകണം. അതു പറയുന്ന അവസരത്തിൽ രാഷ്ട്രീയമായ ചർച്ച അങ്ങോട്ടും ഇങ്ങോട്ടുമുള്ള അതിപ്രസരത്തിലേക്കു പോകുന്നോ എന്ന് സംശയമുണ്ട്. ശ്രീമതി റോസമ്മ ചേച്ചി ഇവിടെ സംസാരിച്ചത് രാഷ്ട്രീയമായ ചായ്വിലേക്ക് പോയിരുന്നോ എന്ന തോന്നലുണ്ട്. നാളികേര വിത്തുകൾ മുമ്പ് നമ്മൾ ഇറക്കുമതി ചെയ്തിട്ടുണ്ട്. അതിന്റെ പ്രാഥമിക പരിശോധന നടത്തണമെന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കണം. അങ്ങനെ നാളികേര വിത്തുകൾ ഇറക്കുമതി ചെയ്തപ്പോൾ എല്ലാ നിയമ നടപടികളും പൂർത്തിയാക്കിയിട്ടാണോ ഇറക്കുമതി ചെയ്തത് എന്നുള്ള കാര്യവും പരിശോധിക്കേണ്ടതുണ്ട്. അത്തരം വിത്തുകളിൽ വർഷങ്ങൾ കഴിയുമ്പോൾ കീടങ്ങൾ വർദ്ധിച്ച് രോഗബാധയുണ്ടാകാം. കൂടാതെ ബംഗാൾ ഉൾക്കടലിൽക്കൂടി കടന്നുവരുന്ന കിഴക്ക്-വടക്കൻ മൺസൂൺ കാറ്റ് കേരളത്തിന്റെ ഉയരം കുറഞ്ഞ പർവ്വതങ്ങളും പശ്ചിമഘട്ടവും കടന്ന് കേരളത്തിലേക്ക് വരുമ്പോൾ ആ കാറ്റിലൂടെയും കീടനാശിനികൾ വരാം. അങ്ങനെ തെക്കൻ കേരളത്തിലാണ് കൂടുതൽ കീടബാധ കണ്ടിരിക്കുന്നത്.

അങ്ങനെ കുറച്ചുകൂടി വിപുലമായ രീതിയിലേക്ക് ശാസ്ത്രീയ പരീക്ഷണങ്ങൾ പോകട്ടെ. പക്ഷേ അടിയന്തിരമായി കൃഷിക്ക് ആശ്വാസം നൽകുന്നതിന് ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ, പരിപാടികൾ വളരെ ഗൗരവതരമായി നടപ്പിലാക്കാനും ഇതിലുള്ള അപാകതകൾ പരിഹരിക്കാനുമുള്ള സംവിധാനം വേണം. അതിന്റെയെല്ലാം പിന്നിൽ സാമ്പത്തികബാദ്ധ്യത വരുന്നു. ആ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റിന്റെ സഹായം ആവശ്യമായി വരുന്നു. നാളികേര സമ്പദ്ഘടന കേരളത്തിന്റെ തനതായ സമ്പദ്ഘടനയാണ്. ഈ വ്യവസായം തകരും. കള്ള് വ്യവസായം തകരും, തൊഴിലാളികൾക്ക് പണിയില്ലാതാകും. ചകിരി വ്യവസായത്തിലൂടെ വ്യവസായരംഗത്ത് ഗുരുതരമായ സ്ഥിതിവരും. അപ്പോൾ വളരെ ഗുരുതരമായ പ്രതിസന്ധി നമ്മുടെ സംസ്ഥാനം നേരിടുമ്പോൾ അത് പരിഹരിക്കാൻ കേന്ദ്രഗവൺമെന്റിന്റെ ഗൗരവമായ സഹായം ലഭിക്കാൻ നമ്മുടെ സഭയുടെ യോജിച്ച ഒരു സംരംഭമുണ്ടാകണം. ആ സംരംഭം എന്തുതന്നെയായാലും അത് താമസംവിനാ പൂർത്തീകരിക്കാൻ, നടപടിയെടുക്കാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ഞാൻ ആ രീതിയിൽ ഈ പ്രമേയത്തെ കാണുകയാണ്. അതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്യുകയാണ്.

1.00 PM **കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)** : ഇങ്ങനെയൊരു ചർച്ച ഇവിടെ നടത്തുന്നതിന് അവസരമുണ്ടാക്കിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും അങ്ങയേയും ബഹുമാനപ്പെട്ട പ്രതി

LIBRARY ARCHIVES Kerala Legislative Assembly

പക്ഷനേതാവിനേയും അഭിനന്ദിക്കുകയാണ്. ഇതുസംബന്ധിച്ച് ഒരു നോട്ടീസ് ആദ്യം തന്നത് ശ്രീ. ബാലൻ വൈദ്യരാണ്. ഇവിടെ ഈ സഭ സമ്മേളിച്ച ആദ്യദിവസംതന്നെ ബഹുമാനപ്പെട്ട ജേക്കബ് ശ്രദ്ധക്ഷണിക്കലിലൂടെ ഈ പ്രശ്നം ചർച്ചചെയ്തതാണ്. പിന്നീട് രണ്ട് ചോദ്യങ്ങൾ ഇവിടെ വന്നു. പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള 20 അംഗങ്ങൾ ആ ചോദ്യത്തിൽ പങ്കെടുത്തു. ഉപചോദ്യങ്ങൾ ചോദിച്ചു. അതും ഒരു ചർച്ചപോലെതന്നെ ഉയർന്നുവന്നതാണ്. വീണ്ടും ഇന്ന് റൂൾ 130 അനുസരിച്ചുള്ള ഒരു ചർച്ച വന്നു. രണ്ടുഭാഗത്തുനിന്നും ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ആ നിർദ്ദേശങ്ങളെ ഗവൺമെന്റ് ആത്മാർത്ഥമായി സ്വാഗതം ചെയ്യുകയാണ്. പക്ഷേ ബഹുമാനപ്പെട്ട തങ്കച്ചൻ ഉന്നയിച്ച ചില പ്രശ്നങ്ങൾ, അത് അദ്ദേഹത്തിന് വേണ്ടത്ര കാര്യങ്ങൾ മനസ്സിലാക്കിയിട്ട് പറഞ്ഞതാണോ, അല്ലെങ്കിൽ ഒരു ഗവൺമെന്റിനെ വിമർശിക്കുക സർവ്വസാധാരണമാണ്. ഒരുപക്ഷേ ഞാനും അപ്പുറത്ത് ശ്രീ. തങ്കച്ചന്റെ സ്ഥാനത്ത് ഇരിക്കുകയാണെങ്കിൽ അദ്ദേഹം പറഞ്ഞതുപോലെ ചിലപ്പോൾ വസ്തുതകളൊക്കെ മറച്ചുവച്ച് സംസാരിച്ചെന്ന് വരും. ഞാൻ ഇതിൽ നടന്ന സംഭവങ്ങൾ പറയാം. 1998 ഏപ്രിൽ മാസത്തിലാണ് മണ്ഡരിബാധയുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടത്. ഞാൻ ഈ സഭയിൽ ശ്രീ. കെ.പി. രാജേന്ദ്രന്റെ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞതാണ്. അന്ന് പത്രങ്ങളിൽ വന്നത് ശ്രീ. ടി.എം. ജേക്കബ് പറഞ്ഞതുപോലെ അജ്ഞാത രോഗമാണെന്നാണ്. പക്ഷേ ഉടൻതന്നെ ഗവൺമെന്റ് അതിനാവശ്യമായ നടപടി സ്വീകരിച്ചു. ഇവിടത്തെ ശാസ്ത്രജ്ഞന്മാരെയും ജനപ്രതിനിധികളെയും ഒക്കെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു യോഗം ഇവിടെ നടന്നു. ഞാൻ അത് ഒരിക്കൽ പറഞ്ഞതാണ്. ശ്രീ. ടി.എം. ജേക്കബും ശ്രീ. കെ. ബാബുവും ശ്രീ. ഡൊമിനിക് പ്രസന്റേഷനുമൊക്കെ ആ യോഗത്തിൽ പങ്കെടുത്തതാണ്. അതിനുശേഷം ഇത് ബാധിച്ച പ്രദേശത്ത് കാർഷിക സർവ്വകലാശാലയുടെയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലേയും സയന്റിസ്റ്റുകൾ, ജനപ്രതിനിധികൾ, കർഷകസംഘടനകൾ, കൃഷിക്കാർ ഇവരെയെല്ലാം അവിടെ വിളിച്ചുചേർത്ത് ചർച്ച ചെയ്തു. അവിടെ കണക്കെടുത്തു. എഴുപതിനായിരത്തോളം തെങ്ങുകൾക്കാണ് മണ്ഡരി ബാധിച്ചതായി കണ്ടത്. ബാധിച്ച മുഴുവൻ തെങ്ങുകൾക്കും കാർഷിക സർവ്വകലാശാലയും കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രവും നിർദ്ദേശിച്ച മണ്ഡരിനാശിനി തളിച്ചു. അത് ഉറപ്പുവരുത്തുകയും ചെയ്തു. അതിനുശേഷം ഇതിനെസംബന്ധിച്ചുള്ള പരിശോധന നടത്തുന്നതിനും പിന്നീട് ഇതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനുംവേണ്ടി കാർഷിക സർവ്വകലാശാലയുടെയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെയും കൃഷിവകുപ്പിന്റെയും നാളികേര ബോർഡിന്റേയും പ്രതിനിധികൾ അടങ്ങുന്ന സ്റ്റേറ്റ് തലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റി ഗവൺമെന്റ് രൂപീകരിച്ചു. തളിച്ച തെങ്ങുകളിലെതന്നെ മച്ചിങ്ങകൾക്ക് ഇതിനെ പ്രതിരോധിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ചു. ആ വർഷമുണ്ടായ അന്തരീക്ഷ ഊഷ്മാവിലെ സാരമായ മാറ്റം-കേരള സംസ്ഥാനത്തിന്റെ അടുത്തകാലത്തൊന്നും ഇത്രയേറെ ചൂടേറിയ ഒരു കാലമുണ്ടായിട്ടില്ല. അതിനെത്തുടർന്നാണ് മണ്ഡരി മറ്റ് ജില്ലകളിലേക്ക് വ്യാപിച്ചെതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അല്ലാതെ ഗവൺമെന്റ് അവിടെ ഒരു അനാസ്ഥയും കാണിച്ചതല്ല. പെട്ടെന്നാണ് തൃശ്ശൂർ, എറണാകുളം, കോട്ടയം ഈ ജില്ലകളിൽ ഇത് ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടത്. ഉടൻതന്നെ ഗവൺമെന്റ് അതിൽ ഇടപെട്ടു. ഈ ജില്ലകളിലെല്ലാം അതിനാവശ്യമായ കർമ്മസമിതികൾ രൂപീകരിക്കുവാനുള്ള നടപടികളുണ്ടായി. തൃശ്ശൂർ, ആലപ്പുഴ, എറണാകുളം,

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം ജില്ലകളിലായി ഇരുപത്തിയേഴ് ലക്ഷത്തിലേറെ തെങ്ങുകൾക്ക് മണ്ഡരിനാശിനി തളിച്ച് പ്രതിരോധിക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. അവിടെയും അതിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായിത്തന്നെ നടക്കുകയാണ് ചെയ്തത്. ഇതിനെസംബന്ധിച്ച് ശാസ്ത്രജ്ഞന്മാർക്കിടയിലുള്ള അഭിപ്രായവ്യത്യാസം സംബന്ധിച്ച് ഇവിടെ പറഞ്ഞു. അവർക്ക് അഭിപ്രായവ്യത്യാസമുണ്ട്. ഡൈക്കോഫോൾ തളിച്ചാൽ കാൻസർ വരുമെന്ന് പറഞ്ഞത് റീജിയണൽ റിസർച്ച് ലബോറട്ടറിയിലെ ഒരു ശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിന് അത് പറയാനുള്ള ഉത്തരവാദിത്വമെന്താണെന്നുള്ളതിനെക്കുറിച്ച് എനിക്കറിയില്ല. അതിന്റെ ഡയറക്ടർ കാർഷിക സർവ്വകലാശാലയ്ക്ക് എഴുതിയ കത്തിന്റെ കോപ്പി എന്റെ കൈയിലുണ്ട്. അദ്ദേഹം, ഡോ. വിജയൻനായർ പറയുന്നത് അവർ ഇതുസംബന്ധിച്ച് ഒരു ഗവേഷണവും അവിടെ നടത്തുന്നില്ലെന്നാണ്. മണ്ഡരിയെസംബന്ധിച്ചും ഡൈക്കോഫോളിനെ സംബന്ധിച്ചും കാൻസറിനെ സംബന്ധിച്ചുമൊന്നും ഞങ്ങൾ അവിടെ ഒരു ഗവേഷണ പ്രവർത്തനവും നടത്തുന്നില്ല. ഞങ്ങൾ നടത്തുന്ന ഗവേഷണം വേറെ ചില കാര്യങ്ങളെക്കുറിച്ചാണ്. അതുകൊണ്ട് അവിടത്തെ ഒരു ശാസ്ത്രജ്ഞനായിട്ടുള്ള ഗോപാലകൃഷ്ണൻ നായർക്ക് ഇങ്ങനെ ഒരു അഭിപ്രായം പറയാൻ എന്താണ് അർഹതയെന്ന് അവർ ഞങ്ങളോട് ചോദിക്കുകയാണ്. അദ്ദേഹമാണ് ഈ അഭിപ്രായം പറഞ്ഞത്. ഗവൺമെന്റിന് ശുപാർശ ചെയ്തത് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും കാർഷിക സർവ്വകലാശാലയുമാണ്. ഈ രണ്ട് ഗവേഷണ ഏജൻസികളിലെ ഒറ്റ ശാസ്ത്രജ്ഞന്മാർക്കുപോലും മണ്ഡരിയെപ്പറ്റി വ്യത്യസ്ത അഭിപ്രായമില്ല. മണ്ഡരിനാശിനിയുടെ ശുപാർശയെ സംബന്ധിച്ച് അവർക്ക് ഇപ്പോഴും ഏക അഭിപ്രായമാണുള്ളത്. ആ ശുപാർശയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അങ്ങനെയല്ലാതെ ഗവൺമെന്റ് മറ്റ് ആരുടെയും ശുപാർശയല്ല സ്വീകരിക്കുന്നത്. ഈ ഏജൻസികളുടെ ഏകകണ്ഠമായ ശുപാർശയാണ് ഗവൺമെന്റ് സ്വീകരിച്ചത്. അതിൽ ഒരു രാസകീടനാശിനിയും ജൈവകീടനാശിനിയുമുണ്ട്. ഗവൺമെന്റിന് ഏറെ താൽപ്പര്യവും ഗവൺമെന്റ് മുൻകൈയെടുക്കുന്നതും താഴെ എല്ലാ തലങ്ങളിലും നിർദ്ദേശിക്കപ്പെട്ടതും ജൈവകീടനാശിനി തളിക്കാനുള്ള സാദ്ധ്യതകൾ മുഴുവൻ പ്രയോജനപ്പെടുത്തണമെന്നുള്ളതാണ്. അതാണ് ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ളത്. ഇവിടെ ചില നിർദ്ദേശങ്ങളുണ്ടായി. എനിക്ക് ഇതിൽ ഏതെങ്കിലുമൊരു കീടനാശിനിയെക്കുറിച്ച് വാദിക്കേണ്ട സ്ഥിതിയില്ല. പക്ഷേ നമ്മുടെ സഭയോട് സത്യം പറയണമല്ലോ. ഡൈക്കോഫോളിനെക്കുറിച്ച് ശ്രീ. പി.പി. തങ്കച്ചൻ പറഞ്ഞത് ശരിയല്ല. അദ്ദേഹം പറഞ്ഞത് രണ്ടുവർഷം അതിന്റെ അവശിഷ്ടം ഉണ്ടാകുമെന്നാണ്. 14 ദിവസമേ ഉണ്ടാകൂ എന്നുള്ളതാണ് കാർഷിക സർവ്വകലാശാലയിലേയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലേയും ശാസ്ത്രജ്ഞന്മാരുടെ ശുപാർശയിൽ പറയുന്നത്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, കാർഷിക സർവ്വകലാശാല നൽകിയിരിക്കുന്ന നിർദ്ദേശത്തിൽ തെങ്ങിന്റെ മണ്ടയിൽ ഇത് തളിക്കുന്ന അവസരത്തിൽ അതിനു താഴെ കുളങ്ങളോ, കിണറുകളോ ഉണ്ടെങ്കിൽ അത് മൂടിയിരിക്കണമെന്ന് നിർബന്ധമായിട്ട് പറയുന്നുണ്ട്. അപ്പോൾ അതിനകത്ത് എന്തോ പ്രശ്നമുള്ളതുകൊണ്ടല്ലേ ആ നിർദ്ദേശം കൊടുത്തിരിക്കുന്നത്.

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഇല്ല.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, ഞാൻ പറഞ്ഞത് രണ്ടുവർഷക്കാലം ഇതിന്റെ റെസിഡ്യൂ നിൽക്കും വിഷാംശം കലരും. അത് വായുവിൽ, വെള്ളത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

അന്തരീക്ഷത്തിലൊക്കെ കലരുമെന്ന് പറഞ്ഞത് ഇന്റർനാഷണൽ പബ്ലിക്കേഷൻസിന്റെയും കേന്ദ്ര നാളികേര വികസന ബോർഡിന്റേയും മറ്റും ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം ചോദിച്ചിട്ടാണ്. എല്ലാ പബ്ലിക്കേഷൻസും എന്റെ കൈയിലുണ്ട്. അതല്ലാതെ എന്റെ അഭിപ്രായമല്ല.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഏത് മണ്ഡരിനാശിനി തളിക്കുമ്പോഴും മുൻകരുതൽ എടുക്കണമെന്നുള്ളതാണ് കാർഷികസർവ്വകലാശാലയുടെ നിർദ്ദേശം. ജൈവകീടനാശിനി തളിക്കുമ്പോൾ കൈയുറയിടണം. വായ് ഒരു തുണികൊണ്ട് കെട്ടണം. താഴെ കിണറും കുളവുമുണ്ടെങ്കിൽ അത് മൂടണം. അത് വേപ്പെണ്ണയടങ്ങുന്ന ജൈവകീടനാശിനി തളിക്കുമ്പോഴും മുൻകരുതൽ വേണം. രാസകീടനാശിനി തളിക്കുമ്പോഴും ഈ മുൻകരുതൽ വേണം. അത് കാർഷിക സർവ്വകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും നിർദ്ദേശിച്ചതാണ്. ആ നിർദ്ദേശം താഴെത്തലത്തിൽ നമ്മൾ കൊടുത്തിട്ടുണ്ട്. അത് മറച്ചുവയ്ക്കുന്നത് ശരിയല്ല. അതുകൊണ്ട് കൊടുത്തതാണ്. പക്ഷെ ഇവിടെ ശ്രീ. തങ്കച്ചൻ സൂചിപ്പിച്ചതുപോലെ 15-ാം തീയതി ചേർന്ന യോഗത്തിൽ, ഡെൽഹിയിലെ കേന്ദ്ര കാർഷിക ഗവേഷണ കേന്ദ്രത്തിലാണ് യോഗം ചേർന്നത്. അതിന്റെ ഡെപ്യൂട്ടി ഡയറക്ടർ ജനറലിന്റെ അദ്ധ്യക്ഷതയിലാണ്. വിവിധ ഗവേഷണ ഏജൻസികളുടെ പ്രതിനിധികൾ ഇതിനകത്തുണ്ടായിരുന്നു. വെളുത്തുള്ളിയുടെയും വേപ്പെണ്ണയുടെയും മിശ്രിതവും, ഡൈക്കോഫോളും ഈ രണ്ട് മണ്ഡരിനാശിനികളാണ് കേരളത്തിൽ തളിക്കേണ്ടതെന്നാണ് അവർ നിർദ്ദേശിച്ചിട്ടുള്ളത്. അതിന്റെ റെക്കമെന്റേഷൻസ് ഇവിടെ വന്നിട്ടുണ്ട്. കർണ്ണാടകത്തിലും തമിഴ്നാട്ടിലും വേരിലൂടെയാണ് കീടനാശിനി കൊടുക്കുന്നത്. അത് കേരളത്തിൽ ഒരു കാരണവശാലും കൊടുക്കാൻ പാടില്ലെയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അവിടെ തോട്ടമുണ്ട്. ഇവിടെ പറമ്പുകളിൽ ഒരറ്റം മുതൽ മറ്റേ അറ്റം, ജനങ്ങൾ തിങ്ങി താമസിക്കുന്നതിനടുത്താണ് തെങ്ങുകൾ, അതുകൊണ്ട് കർണ്ണാടകത്തിലും തമിഴ്നാട്ടിലും ഉപയോഗിക്കുന്ന ഈ കീടനാശിനികൾ ഒരു കാരണവശാലും കേരളത്തിൽ ഉപയോഗിക്കാൻ പാടില്ലെന്നും അവർ നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല ഞാൻ ഇവിടെ പറഞ്ഞു ഡോ. സ്വാമിനാഥനുമായിട്ട് ഞങ്ങൾ ചർച്ച ചെയ്തത്, അദ്ദേഹം ആദ്യം ഈ നടപടിയെ സംബന്ധിച്ചാണ് പറഞ്ഞത്. പിന്നെ ഇവിടെ ഉണ്ടായ ഒരു പ്രശ്നം എന്താണെന്നുവച്ചാൽ കോക്കനട്ട് ബോർഡിന്റെ ശുപാർശ സ്വീകരിച്ചില്ലെന്നാണ്. അത് ശരിയല്ല. കോക്കനട്ട് ബോർഡുമായിട്ട് വളരെ വിശദമായിട്ട് മൂന്നുവട്ടത്തിലധികം ചർച്ചചെയ്തിട്ടുണ്ട്. അതിൽ നാളികേര ബോർഡിന്റെ ഡോ. പി.ഐ. മാത്യുക്കുട്ടി എന്നു പറയുന്ന അതിന്റെ ഡെപ്യൂട്ടി ഡയറക്ടർ ഈ യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. കോക്കനട്ട് ബോർഡിന്റെ ചെയർമാനായിട്ട് വിശദമായിട്ട് ഈ കാര്യങ്ങൾ ചർച്ചചെയ്തു. സമയബന്ധിതമായി തന്നെ ഇത് കണ്ട ഉടനെതന്നെ അഞ്ചരകോടി രൂപയുടെ ഒരു പ്രോജക്ട് ആദ്യം തന്നെ ഗവൺമെന്റിന് നൽകി. അതിനാണ് 96 ലക്ഷം രൂപ അനുവദിച്ചത്. അനുവദിച്ചത് സാമ്പത്തിക വർഷാവസാനമാണ്. അതുകൊണ്ട് അതുപയോഗിക്കാൻ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരുന്നു. അതുകൊണ്ടാണ് അതിപ്പോൾ ഉപയോഗിച്ച് അതിന്റെ ഉപയോഗത്തെ സംബന്ധിച്ചുള്ള റിപ്പോർട്ട് നാളികേര ബോർഡിന് കൊടുത്തത്, അത് കൃത്യമായിട്ട് അവർക്ക് പ്രോജക്ട് റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അവരുമായിട്ട് ചർച്ച ചെയ്തിട്ടുണ്ട്. ആ ചർച്ച വളരെ ഫലപ്രദമായിരുന്നു. അതിൽ ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായിട്ട് ചെയ്തിട്ടുണ്ട്. പിന്നെ ഇവിടെ പറഞ്ഞത് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കീടനാശിനി രണ്ടാം റൗണ്ടിൽ ഉപയോഗിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റുകയില്ല. രണ്ടാം റൗണ്ടിൽ ഉപയോഗിക്കേണ്ട കീടനാശിനികളെ സംബന്ധിച്ച് കാർഷിക സർവ്വകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. 13 ഇനം കീടനാശിനികളാണ് അവർ ഉപയോഗിക്കുന്നത്. അത് ഷോർട്ട് ലിസ്റ്റ് ചെയ്ത് 5 ഇനമാക്കിയിട്ടുണ്ട്. ഇനിയും അത് കുറക്കാൻ കഴിയുമെന്നാണ്. അത് ശ്രീ. തങ്കച്ചൻ ഇവിടെ സൂചിപ്പിച്ചപ്പോലെ സൾഫർ അവർ പരീക്ഷിക്കുന്ന ഒന്നാണ്. കാർഷിക സർവ്വകലാശാലയുടെ പരീക്ഷണത്തിലിരിക്കുന്ന ഒന്നാണത്. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക കാലാവസ്ഥയ്ക്ക് അതുപയോഗിക്കുന്നതിനെക്കുറിച്ചും അതുപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നത്തെ സംബന്ധിച്ചും അവർ പഠിച്ചുകൊണ്ടിരിക്കുകയാണ്. ആ പഠനം പൂർത്തിയായിക്കഴിഞ്ഞാൽ തീർച്ചയായിട്ടും മറ്റ് പ്രശ്നങ്ങളില്ലെങ്കിൽ സൾഫർ ഉപയോഗിക്കുന്ന കാര്യത്തിൽ ഒരു പ്രശ്നവുമില്ല. അവരുടെ ശുപാർശ ഗവൺമെന്റ് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അതിനുള്ള പ്രവർത്തനങ്ങൾ കാർഷിക സർവ്വകലാശാല നടത്തികൊണ്ടിരിക്കുന്നുണ്ട്. അതുപോലെതന്നെ മണ്ഡരി പ്രതിരോധത്തിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നതിനെ സംബന്ധിച്ചുള്ള ഗവേഷണം.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : കേരള സോപ്സ് ആന്റ് ഓയിൽസ് എന്നു പറയുന്ന പൊതുമേഖലാസ്ഥാപനം ഒരു കീടനാശിനി കണ്ടുപിടിച്ച് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് പറയാമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : അങ്ങ് സൂചിപ്പിച്ചത് സോപ്സ് ആന്റ് ഓയിൽസിന്റെ കാര്യമാണ്. കാർഷിക സർവ്വകലാശാല ഈ പ്രത്യേകതരം കീടനാശിനി ഉപയോഗിച്ചിട്ടുണ്ട്. അത് പരിശോധിച്ച് മണ്ഡരിയെ പ്രതിരോധിക്കാൻ ഗുണമേന്മ ഉള്ളതാണെന്ന് ശുപാർശ കിട്ടിയാൽ ഇതുപയോഗിക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകും. അതിന്റെ ശുപാർശ കിട്ടിയിട്ടില്ല. പിന്നെ മറ്റൊരു പ്രശ്നം ഇവിടെ പറയാനുള്ളത് ഇതിനകത്തുതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ ഇവയാണ് മണ്ഡരിനാശിനി മരുന്ന് തളിക്കുന്നതിൽ മുൻകൈയെടുത്ത് പ്രവർത്തനം നടത്തേണ്ടത്. പഞ്ചായത്തുകൾതോറും കർമ്മസമിതികൾ ഉണ്ടാക്കിയിട്ടുണ്ട്. ആ കർമ്മസമിതിയുടെ നേതൃത്വത്തിൽ വാർഡുകൾതോറും നാളികേര കർഷകരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് അവരുടെ ഒരു കമ്മിറ്റി ഉണ്ടാക്കി, ആ കമ്മിറ്റിയാണ് ആ വാർഡിൽ ഇത് തളിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നത്. അതിന്റെ പ്രവർത്തനം സമയാസമയം പരിശോധിക്കാൻവേണ്ടി ജില്ലാടിസ്ഥാനത്തിൽ തന്നെ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയിൽ ജില്ലാകളക്ടർ അടക്കമുള്ളവർ അംഗങ്ങളാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ളതാണ് ആ കമ്മിറ്റി. ആ കമ്മിറ്റികളെല്ലാം തന്നെ വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഇതിനകത്തു തന്നെ വിവിധ ജില്ലകളിലായിട്ട് ഏകദേശം 14,000-ത്തോളം തൊഴിലാളികൾ മണ്ഡരിനാശിനി തളിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഡിസംബർ ഒന്നു മുതൽ ആരംഭിച്ചതാണ്. ഏകദേശം 20 ലക്ഷം തെങ്ങുകൾക്ക് ഇതിനകം തന്നെ മരുന്നു തളിച്ചു കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ പഞ്ചായത്തുകളിൽ ഗ്രാമസമിതികൾ ഉണ്ടെങ്കിലും ചില പഞ്ചായത്തുകളിലെല്ലാം ആറും മൂന്നും 9 രൂപയാണ് കൊടുക്കുന്നത്. ഇത് തികയാത്തതുകൊണ്ട് 100 തെങ്ങിന് മരുന്നു തളിച്ചാൽ 500 തെങ്ങിന് കണക്ക് എഴുതുന്ന

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളുമുണ്ട്. ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; രണ്ടാമത്തെ കാര്യം പുകച്ച് പുറത്താക്കുന്ന കാര്യം ശ്രീമതി റോസമ്മ ചാക്കോ ചൂണ്ടിക്കാണിച്ചു. ആ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം എന്താണ്?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. പഞ്ചായത്ത് പ്രസിഡന്റും പഞ്ചായത്ത് അംഗങ്ങളും എല്ലാ കാർഷിക സംഘടനകളുടെയും പ്രതിനിധികളും കർമ്മസമിതിയിൽ അംഗങ്ങളാണ്. ഓരോ വർക്കിലും എല്ലാ കമ്മിറ്റി അംഗങ്ങളും ഉണ്ട്. വളരെ ജനാധിപത്യപരമായിട്ടാണ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഗ്രാമസമിതികളും ആ രീതിയിലാണ് പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. പിന്നെ ഏതെങ്കിലും പഞ്ചായത്തിൽ അങ്ങനെയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ എഴുതിതന്നാൽ തീർച്ചയായിട്ടും ഗവൺമെന്റ് അന്വേഷിക്കും. അത് സാമാന്യവൽക്കരിക്കരുതെന്ന് ഒരു അഭ്യർത്ഥനകൂടിയുണ്ട്.

മി. സ്പീക്കർ : മണ്ഡരിയെ പുകച്ച് പുറത്തു ചാടിക്കാൻ പറ്റുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അത് കൃഷിക്കാർ സ്വയം ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല. കൃഷിക്കാർ അവരുടെ പറമ്പുകളിൽ തെങ്ങിന്റെ ചുവടുകളിൽ അവിടെയുള്ള ചവറും തൊണ്ടുമിട്ട് ഗന്ധകവും ഇട്ട് പുകയ്ക്കുന്നതിൽ ഒരു തെറ്റുമില്ല. അതുകൊണ്ട് മണ്ഡരിയെ പുറത്താക്കാൻ കഴിയുമെങ്കിൽ അതും പരീക്ഷിക്കുന്ന കാര്യം ഗവൺമെന്റിന്റെ ആലോചനയിലുണ്ട്. ഈ നിർദ്ദേശവും സ്വീകാര്യമാണ്. നമുക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങളെക്കുറിച്ച് പരിശോധിച്ച് വിലയിരുത്താൻ കേന്ദ്ര ടീം ഇന്നിവിടെ എത്തിയിട്ടുണ്ട്. അവർ തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം തുടങ്ങിയ ജില്ലകളിൽ പോകുന്നുണ്ട്. മണ്ഡരി ബാധിച്ച പ്രദേശങ്ങൾ അവർ കണ്ട് കൃഷിക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ വിലയിരുത്തുന്നുണ്ട്. അവരുമായിട്ട് ആവശ്യമായിട്ടുള്ള ചർച്ചകൾ നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല സയന്റിസ്റ്റുകളുമായിട്ടും ഈ രംഗത്ത് പലവട്ടം ചർച്ച നടത്തിയിട്ടുണ്ട്. ഇനിയും അവരെ വിളിക്കാനും ചർച്ചചെയ്യാനും തയ്യാറാണ്. ശ്രീലങ്കയിൽ ഈ പ്രശ്നം വളരെ ഗൗരവമാണെന്നാണ് സംസ്ഥാന ഗവൺമെന്റ് മനസ്സിലാക്കിയിട്ടുള്ളത്. അവരുടെ സയന്റിസ്റ്റ് ഇവിടെ വരുന്നുണ്ട്. കായകുളത്തു വന്നിട്ടുണ്ട്. കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രത്തിലെ സയന്റിസ്റ്റുകളുമായിട്ട് ചർച്ച ചെയ്തിട്ടുണ്ട്. ഇതുവരെ അവർക്ക് ഒരു പ്രതിരോധ പ്രവർത്തനങ്ങളും ഫലപ്രദമായിട്ട് വിജകരമായിട്ട് നടത്താൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെയും തമിഴ്നാട്ടിലെയും കർണ്ണാടകത്തിലെയും കൃഷി സെക്രട്ടറിമാരുടെ ഒരു യോഗം നടന്നിട്ടുണ്ട്, ഇതിന്റെ കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ഇനിയും ആവശ്യമായിട്ടുള്ള ചർച്ചകൾ നടത്താൻ തയ്യാറാണ്. പുതിയ ഗവേഷണങ്ങൾ നടത്താൻ കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിലെയും കാർഷിക സർവ്വകലാശാലയിലെയും കോക്കനട്ട് ബോർഡിന്റെയും പ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിറ്റി ഗവൺമെന്റ് പുതുതായിട്ട് രൂപീകരിച്ചിട്ടുണ്ട്.

കേരള സർവ്വകലാശാലയ്ക്ക് ഇതിനെ നേരിടാനായി ഒരു പുതിയ ഫംഗസ് കണ്ടെത്താൻ കഴിഞ്ഞതായി അവർ രേഖാമൂലം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അത് വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അവർ ഏർപ്പെട്ടിട്ടുണ്ട്. അതിനുള്ള സാമ്പത്തിക സഹായവും കേന്ദ്രത്തിൽ നിന്ന് കിട്ടിയിട്ടുണ്ട്. ഇവിടെ ഉന്നയിച്ച മറ്റൊരു പ്രശ്നമുണ്ട്. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ ലഭ്യത ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളതിൽ നല്ലൊരു പങ്കും തമിഴ്നാട്ടിൽനിന്നു വന്ന തൊഴിലാളികളാണ്. അവരാണ് ഇത് ചെയ്യുന്നത്. നമ്മുടെ നാട്ടിലെ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല. ഗവൺമെന്റ് വിചാരിച്ചുകൊണ്ടുമാത്രം 100 ശതമാനവും നിരോധിക്കാൻ കഴിയുകയില്ല. അപ്പോൾ തൊഴിലാളികളുടെ ലഭ്യത, കർഷകരെ സജ്ജമാക്കൽ, ഇതിനൊക്കെ നമ്മൾ ഒന്നായി, കൂട്ടായി ആവശ്യമായിട്ടുള്ള ശ്രമം നടത്തണം. അതിന് പ്രതിപക്ഷത്തിന്റേയും ക്രിയാത്മകമായ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. പി.പി. തങ്കച്ചൻ : അഞ്ചുകോടി തെങ്ങിനെ ബാധിച്ചിട്ട് ഇതേവരെയുള്ള എല്ലാ ശ്രമംകൊണ്ടും 20 ലക്ഷം തെങ്ങിന് അടിച്ചു എന്നാണ് പറയുന്നത്. എന്നു പറഞ്ഞാൽ 4% ആണ്. അഞ്ചു കോടിയുടെ 20 ലക്ഷം എന്നു പറയുന്നത് 4% ആണ്. അപ്പോൾ 96 ശതമാനം ബാക്കി നിൽക്കുകയാണ്. ഈ ഗവൺമെന്റിന്റെ ശ്രമങ്ങൾ പരാജയപ്പെട്ടു എന്നല്ലേ മനസ്സിലാക്കേണ്ടത്?

(ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : അല്ലല്ല. അഞ്ചുകോടി തെങ്ങുകൾക്ക് ചിലപ്പോൾ തളിക്കേണ്ടതായി വന്നേക്കും. അതിനൊരു പ്രോജക്ട് തയ്യാറാക്കിയിട്ടാണ് കേന്ദ്ര ഗവൺമെന്റിന് കൊടുത്തത്. മൂന്നു തവണകളായിട്ടാണ് മരുന്നു തളിക്കേണ്ടി വരിക. അപ്പോൾ മൂന്നു പ്രാവശ്യമായി തളിക്കേണ്ടിവരുന്ന ചെലവാണ് കണക്കാക്കിയിട്ടുള്ളത്. അതിന് 100 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റിനോട് ചോദിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 90 കോടി രൂപ സംസ്ഥാന ഗവൺമെന്റും ത്രിതല പഞ്ചായത്തുംകൂടി വഹിക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. അങ്ങനെ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും ഗ്രാമപഞ്ചായത്തിന്റേയും മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷന്റേയും വിഹിതമായിട്ടാണ് 90 കോടി രൂപ ആ പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതിനുള്ള നടപടികളെല്ലാം സ്വീകരിക്കും. ഇപ്പോൾ പണമില്ലാത്തതുകൊണ്ട് ഒരിടത്തും ഇതിനെ പ്രതിരോധിക്കാനുള്ള നടപടി നടക്കാതിരിക്കുന്നില്ല. പതിനെട്ടുകോടി അൻപത്തിയോരായിരം രൂപ ഇതിനകം തന്നെ സംസ്ഥാന ഗവൺമെന്റ് ബന്ധപ്പെട്ട ആളുകൾക്ക് കൊടുത്തിട്ടുണ്ട്. അതിന്റെ 50% ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എടുക്കുന്നു. അവരാണ് ഇത് ചെയ്യേണ്ടത്. ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വളരെ ആത്മാർത്ഥമായി ഈ രംഗത്തുണ്ട്. അവർ നേതൃത്വപരമായി തന്നെയുണ്ട്. തൊഴിലാളികളുടെ ലഭ്യതയാണ് ആവശ്യം. അവരുടെ സാധ്യത നമ്മൾ ഉപയോഗപ്പെടുത്തി ഒറ്റയൊറ്റ തെങ്ങിൽ കയറി തളിക്കാതെ വേറെ വഴിയില്ല. അതുകൊണ്ട് എവിടെയെങ്കിലും തുടങ്ങിയിട്ടില്ലെങ്കിൽ ഗവൺമെന്റ് പരിശോധിക്കും; അതിനാവശ്യമായ നടപടിയുമെടുക്കും. എന്തെങ്കിലും വീഴ്ചയുണ്ടെങ്കിൽ അതും പരിശോധിക്കും. കൂട്ടായി, വളരെ വിജയകരമായി ജനുവരി മാസത്തോടുകൂടി ആവശ്യമായ മുഴുവൻ തെങ്ങുകൾക്കും മണ്ഡരിനാശിനി തളിച്ച് അതിനെ പ്രതിരോധിക്കാനുള്ള സഹായസഹകരണം എല്ലാ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി.പി. തങ്കച്ചൻ : സർ, സംസ്ഥാനത്തൊട്ടാകെ കേരവൃക്ഷങ്ങൾക്ക് ബാധിച്ചിട്ടുള്ള മണ്ഡരിബാധയുടെ പ്രതിരോധ നടപടികൾക്കായി വേണ്ടി വരുന്ന 190 കോടി രൂപയിൽ 100 കോടി രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോടും, ബാക്കി 90 കോടി രൂപ അനുവദിക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളാമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റിനോടും ഈ സഭ അഭ്യർത്ഥിക്കുന്നു 'എന്ന സബ് സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കുന്നു.'

ശ്രീമതി റോസമ്മാ ചാക്കോ : ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, "സംസ്ഥാനത്തെ കേരവൃക്ഷങ്ങൾക്ക് ബാധിച്ചിട്ടുള്ള മണ്ഡരിബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള 190 കോടി രൂപയുടെ പ്രോജക്ടിൽ 100 കോടി രൂപ പ്രത്യേക സഹായമായി സംസ്ഥാനത്തിന് നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക അടിയന്തിരമായി നൽകണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു." എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർ, ഞാൻ പറയുന്നത് ഇവിടെയൊരു സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിച്ച് കേന്ദ്രത്തോട് 100 കോടി രൂപ ആവശ്യപ്പെടുന്നു. 190 കോടി രൂപയുടെ ഒരു പദ്ധതിക്ക് 100 കോടി നിങ്ങൾ സഹായിക്കണമെന്ന് പറയുന്നു. അതിന്റെ അർത്ഥം 90 കോടി രൂപയില്ലാതെ പകുതി നടപ്പിലാക്കുമെന്നാണോ? What is it? ബഡ്ജറ്റിൽ അല്ലാതെ ഇത്ര കോടി രൂപ സ്റ്റേറ്റ് ഗവൺമെന്റ് തരണമെന്ന് സ്റ്റേറ്റ് അസംബ്ലി പാസ്സാക്കുന്നത്. അതിൽ impropriety ഉണ്ട്. It cannot be done.

മി. സ്പീക്കർ : അതിനെ സംബന്ധിച്ച് ഒരു ചർച്ചയുടെ ആവശ്യം വരുന്നില്ല. ചർച്ചയില്ല. ചർച്ചയെല്ലാം കഴിഞ്ഞിട്ടാണ് സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കുന്നത്.

ശ്രീ. പി.പി. തങ്കച്ചൻ അവതരിപ്പിച്ച സബ്സ്റ്റാന്റീവ് മോഷൻ പ്രസ് ചെയ്യുന്നുണ്ടോ .....

ശ്രീ. പി.പി. തങ്കച്ചൻ : ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 40

1) ശ്രീ. ചെർക്കളം അബ്ദുള്ള
2) ശ്രീ. പി.കെ. അബ്ദുറബ്ബ്
3) ശ്രീ. സി.ടി. അഹമ്മദ് അലി
4) ശ്രീ. എ.കെ. ആന്റണി
5) ശ്രീ. ഇ.എം. അഗസ്തി
6) ശ്രീ. കെ. ബാബു
7) ശ്രീ. വി. ബാലറാം
8) ശ്രീ. പി.കെ.കെ. ബാവ
9) ശ്രീ. പി.ജെ. ഫ്രാൻസീസ്
10) ശ്രീ. ജോർജ് ജെ. മാത്യു
11) ശ്രീ. ടി.എം. ജേക്കബ്
12) ശ്രീ. ജോണി നെല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

13) ശ്രീ. കെ.സി. ജോസഫ്
14) ശ്രീ. പി.ജെ. ജോയി
15) ശ്രീ. ജി. കാർത്തികേയൻ
16) ശ്രീ. കെ.കെ. നായർ
17) ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
18) ശ്രീ. എ.കെ. മണി
19) ശ്രീ. സി. മൊയീൻകുട്ടി
20) ശ്രീ. ആര്യാടൻ മുഹമ്മദ്
21) ശ്രീ. എം.കെ. മുനീർ
22) ശ്രീ. കെ. നാരായണക്കുറുപ്പ്
23) ശ്രീ. ഉമ്മൻചാണ്ടി
24) ശ്രീ. വി.ജെ. പൗലോസ്
25) ശ്രീ. അടൂർ പ്രകാശ്
26) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27) ശ്രീമതി രാധാ രാഘവൻ
28) ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
29) ശ്രീ. പാലോട് രവി
30) ശ്രീ. തമ്പാനൂർ രവി
31) ശ്രീമതി റോസമ്മ ചാക്കോ
32) പ്രൊഫ. സാവിത്രി ലക്ഷ്മണൻ
33) ശ്രീമതി ശോഭനാ ജോർജ്
34) ശ്രീ. കെ. സുധാകരൻ
35) ശ്രീ. പി.പി. തങ്കച്ചൻ
36) ശ്രീ. സി.എഫ്. തോമസ്
37) ശ്രീ. തോമസ് ചാഴികാടൻ
38) ശ്രീ. കെ.സി. വേണുഗോപാൽ
39) ശ്രീ. ബി. വിജയകുമാർ
40) ശ്രീ. കെ.പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ - 54

1) ശ്രീ. എ. അലി ഹസ്സൻ
2) ശ്രീ. ആനത്തലവട്ടം ആനന്ദൻ
3) ശ്രീ. എൻ. അനിരുദ്ധൻ
4) ശ്രീ. ആന്റണി രാജു
5) ശ്രീ. എൻ.ആർ. ബാലൻ
6) ശ്രീ. ടി.കെ. ബാലൻ

LIBRARY ARCHIVES Kerala Legislative Assembly

7) ശ്രീ. സി.പി. ബാലൻ വൈദ്യർ
8) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
10) ശ്രീ. വി.കെ. ചന്ദ്രൻ
11) ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
12) ശ്രീ. എം. ദാസൻ
13) ശ്രീ. പി.സി. ജോർജ്
14) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
15) ശ്രീ. ടി.കെ. ഹംസ
16) ശ്രീ. കെ.ഇ. ഇസ്മയിൽ
17) ശ്രീ. സി.എൻ. ജയദേവൻ
18) ശ്രീ. ടി.എസ്. ജോൺ
19) ശ്രീ. ജോസ് ബേബി
20) ശ്രീ. എൻ. കണ്ണൻ
21) ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
22) ശ്രീ. പി.കെ. കുമാരൻ
23) ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
24) ശ്രീ. സി.എ. കുര്യൻ
25) ശ്രീ. ലോനപ്പൻ നമ്പാടൻ
26) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
27) ശ്രീ. മോൻസ് ജോസഫ്
28) ശ്രീ. പിരപ്പൻകോട് മുരളി
29) ശ്രീ. ടി. നാണുമാസ്റ്റർ
30) ശ്രീ. സി.കെ. നാണു
31) ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
32) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
33) ശ്രീ. പി. നാരായണൻ
34) ശ്രീ. ടി.കെ. നൗഷാദ്
35) ശ്രീമതി എൻ.കെ. രാധ
36) ശ്രീ. കെ. രാധാകൃഷ്ണൻ
37) ശ്രീ. പി. രാഘവൻ
38) ശ്രീ. സി.കെ. രാജേന്ദ്രൻ
39) ശ്രീ. കെ.പി. രാജേന്ദ്രൻ
40) ശ്രീ. പി. രാജു

LIBRARY ARCHIVES Kerala Legislative Assembly

41) ശ്രീ. വി.പി. രാമകൃഷ്ണപിള്ള
42) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
43) ശ്രീ. പി.ആർ. കുറുപ്പ്
44) ശ്രീ. യു.എസ്. ശശി
45) ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
46) ശ്രീ. സെബാസ്റ്റ്യൻ പോൾ
47) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
48) ശ്രീ. ടി. ശിവദാസമേനോൻ
49) ശ്രീ. ജി. സുധാകരൻ
50) ശ്രീ. പി.എസ്. സുപാൽ
51) ശ്രീ. എം.എ. തോമസ്
52) ശ്രീ. എം.പി. വർഗ്ഗീസ്
53) ശ്രീ. വർഗ്ഗീസ് വൈദ്യർ
54) ശ്രീ. പി. വിശ്വൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ:-

ശ്രീ. പി.പി. തങ്കച്ചൻ അവതരിപ്പിച്ച സബ്സ്റ്റാന്റീവ് മോഷനെ

അനുകൂലിക്കുന്നവർ - 40

പ്രതികൂലിക്കുന്നവർ - 54

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ശ്രീ. പി.പി. തങ്കച്ചൻ അവതരിപ്പിച്ച സബ്സ്റ്റാന്റീവ് മോഷൻ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ അവതരിപ്പിച്ച ഉപക്ഷേപത്തെ അനുകൂലിക്കുന്നവർ . .. പ്രതികൂലിക്കുന്നവർ. ..... ഉപക്ഷേപം സഭ ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു.

ബി.എ.സി. തീരുമാനിച്ചത് അനുസരിച്ച് ബിസിനസ് കഴിഞ്ഞിട്ടില്ല. പക്ഷേ സമയം ആയിട്ടുണ്ട്. ഒന്നര മുതൽ രണ്ടര മണിവരെയാണ് ഇന്റർവെൽ എന്നാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ സ്റ്റാറ്റ്യൂട്ടറി റെസൊല്യൂഷൻ കൂടി അവതരിപ്പിച്ചിട്ട് പിരിയാം.

X. സ്റ്റാറ്റ്യൂട്ടറി പ്രമേയം

ഭരണഘടനയുടെ 368-ാം വകുപ്പു പ്രകാരമുള്ള പ്രമേയം

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖൻ നായർ) : സർ, താഴെപ്പറയുന്ന സ്റ്റാറ്റ്യൂട്ടറി പ്രമേയം അവതരിപ്പിക്കുന്നു.

"That this House ratifies the amendment to the Constitution of India falling within the purview of clause (d) of the proviso to clause (2) of Article 368, proposed to be made by the Constitution (Eighty-fourth Amendment) Bill, 1999, as passed by the two Houses of Parliament''.

LIBRARY ARCHIVES Kerala Legislative Assembly